## നിയമനിർമ്മാണകാര്യം

**സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:**

### (1) 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ പല പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷം സർക്കാരിന് ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നും 20 കോടി രൂപയും പദ്ധതിയേതര വിഹിതത്തിൽ നിന്നും 15 കോടി രൂപയും ഉൾപ്പെടെ പെർഫോമൻസ് ഗ്രാന്റ് ഇനത്തിൽ ഉൾപ്പെടുത്തി സർവ്വകലാശാലകൾക്കായി ഒരു സ്റ്റേറ്റ് അവാർഡ് ഫണ്ട് നീക്കിവച്ചിട്ടുണ്ട്. 10 കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതാണ്. സംസ്ഥാനത്തെ കോളേജുകളേയും സർവ്വകലാശാലകളേയും റാങ്ക് ചെയ്യുന്നതിനായി സംസ്ഥാന അക്രെഡിറ്റേഷൻ കൗൺസിൽ രൂപീക

രിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇതിനകം നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പുതിയ സർവ്വകലാശാല നിയമം നിർമ്മിക്കുന്നതിനായുള്ള തയ്യാറെടുപ്പിലാണ്. ഉന്നത വിദ്യാഭ്യാസത്തിനായി ഈ വർഷം ബഡ്ജറ്റ് സഹായം കാര്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. സർവ്വകലാശാലകൾക്കും ഉന്നതവിദ്യാഭ്യാസത്തിനുമായി കഴിഞ്ഞ വർഷത്തെ ചെലവായ 1340 കോടി രൂപയിൽ നിന്നും ഈ വർഷം 1591.46 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽത്തന്നെ സർവ്വകലാശാലകളുടെ പദ്ധതിവിഹിതം 2011–2012-ൽ 59 കോടി രൂപയിൽ നിന്നും 2012–2013 വർഷത്തിൽ 103 കോടി രൂപയായി ഇരട്ടിയിലധികം വർദ്ധനവ് വരുത്തിയിട്ടുണ്ട്. സർക്കാർ കോളേജുകളുടെ പദ്ധതി വിഹിതം 12.36 കോടി രൂപയിൽ നിന്നും 25.68 കോടി രൂപയുടെ ഇരട്ടിയിലധികം വർദ്ധനവും സാങ്കേതിക വിദ്യാഭ്യാസത്തിനായി പദ്ധതിവിഹിതം ഈ വർഷം 85 കോടി രൂപയിൽ നിന്നും 220 കോടി രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ സർവ്വകലാശാലകൾക്ക് സ്വാതന്ത്ര്യവും സ്വയംഭരണവുമായ സംവിധാനങ്ങൾ നൽകണമെന്ന് ആഗ്രഹിക്കുന്നുണ്ട്. സർവ്വകലാശാലകൾ സമൂഹത്തിലെ പ്രധാന സ്വയംഭരണ സ്ഥാപനങ്ങളിലൊന്നാണ്. സർവ്വകലാശാലകൾക്ക് സ്വാതന്ത്ര്യം ലഭിച്ചില്ലെങ്കിൽ നവീനവും ഉത്തരവാദപ്പെട്ടതുമായ മാറ്റങ്ങൾ ഏറ്റെടുക്കുവാൻ കഴിയുകയില്ല. മികവ് തെളിയിക്കുന്നതിന് സ്വയംഭരണാവകാശം വേണ്ടതാണ്. മികവ് തെളിയിക്കുന്നതിന് സ്വയംഭരണാവകാശം

മാത്രമല്ല സ്വയംഭരണാവകാശം യഥാവിധി നടപ്പാക്കുന്നതിലും സമൂഹത്തിന്റെ വൈവിദ്ധ്യങ്ങളായ പ്രതീക്ഷകൾ നിറവേറ്റി വിവിധങ്ങളായ ലക്ഷ്യങ്ങൾ സർവ്വകാലാശാലകൾ കൈവരിക്കുന്നുണ്ടോ എന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതുമാണ്. ഈ ഒരു പശ്ചാത്തലത്തിലാണ് സർവ്വകാലാശാല നിയമനത്തിനുള്ള ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. 1974-ലെ കേരള സർവ്വകലാശാല ആക്ടും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്ടും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ടും 1994-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ടും വീണ്ടും ദേഭഗതി ചെയ്യുന്നതിനുള്ള ഒരു ബില്ലാണിത്. പ്രൊ-വൈസ് ചാൻസലറായിട്ടുള്ള നിയമനത്തിനുവേണ്ടിയുള്ള ഉയർന്ന പ്രായപരിധി സംസ്കൃത സർവ്വകലാശാലകളൊഴികെയുള്ള യൂണിവേഴ്സിറ്റികളിൽ 56 വയസ്സായിരുന്നു. പ്രസ്തുത ഉയർന്ന പ്രായപരിധി 60 വയസ്സായി ഉയർത്തുവാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ചില നിബന്ധനകൾക്ക് വിധേയമായി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള കോളേജുകളിലെ അധ്യാപകരുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റത്തിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകൾപോലെ കണ്ണൂർ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലും വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിലും മറ്റ് സർവ്വകലാശാലകളിലേതുപോലെ പ്രൊ-ചാൻസലറുടെ

പദവി സൃഷ്ടിക്കുവാൻ തീരുമാനിച്ചു. ഈ കാര്യങ്ങളെല്ലാംതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓർഡിനൻസായി വന്നിട്ടുള്ളതാണ്. നിയമപ്രകാരമുള്ള അധികാരസ്ഥാപനങ്ങളായ കേരള സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല എന്നിവയിലെ സെനറ്റിലും ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലും വിഷയവൈപുല്യമുള്ള ഉന്നത വിദ്യാഭ്യാസ മേഖല യിൽ നിന്നുള്ള പ്രാതിനിധ്യം പ്രസ്തുത അധികാര സ്ഥാപനങ്ങളിൽ തികച്ചും അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള പ്രാതിനിധ്യം വേണ്ടത്രയില്ലാ യെന്നതിനാൽ ആ മേഖലയിൽ നിന്നുള്ള അംഗങ്ങളേയും ഉൾപ്പെടുത്തു വാൻ തീരുമാനിച്ചു. കേരള സർവ്വകലാശാലയുടേയും കണ്ണൂർ സർവ്വക ലാശാലയുടേയും സെനറ്റിൽ മറ്റ് അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിൽ വരുന്ന അംഗങ്ങളുടേയും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സെന റ്റിലും സിൻഡിക്കേറ്റിലും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടേയും ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിൽ വരുന്ന അംഗങ്ങളുടേയും കാലാവധി സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടു ത്തുവാനും സർക്കാർ ഈ ഭേദഗതിയിൽ തീരുമാനിച്ചിട്ടുണ്ട്. ശ്രീശങ്കരാ ചാര്യ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റിൽ നിലവി ലുള്ള വിദ്യാർത്ഥി അംഗത്തിനുപകരം സർവ്വകലാശാലയിലെ സർവ്വകലാ

ശാലകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേയോ സെന്ററുകളിലേയോ ഒരു കഴിവുറ്റ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയെ നാമനിർദ്ദേശം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സർവ്വകലാശാല ആക്ടുകളിൽ ഉള്ളതുപോലെ ഒരു യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ 1994-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ആക്ടിൽ ഇല്ല. ആയതിനാൽ പ്രസ്തുത ആക്ടിൻകീഴിലും ഒരു അപ്പലേറ്റ് ട്രൈബ്യണൽ രൂപീകരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്ന ഒരു വ്യവസ്ഥ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ആക്ടുകൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ഈ ബിൽ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, 2012-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസ സാംസ്ക്കാരിക മേഖലകളുടെ സമഗ്രമായ വികാസത്തിനും അതുവഴി ജനതയുടെ വികസനത്തിന്റെ പൂർണ്ണതയ്ക്കും വേണ്ടിയിട്ടുള്ള ജനാധിപത്യ ജനകീയ പ്രസ്ഥാനമാണ് സർവ്വകലാശാല. സർവ്വകലാശാല എന്ന വാക്കുകൊണ്ടുതന്നെ ഇതാണ് ലക്ഷ്യമാക്കുന്നത്. അതുകൊണ്ടുതന്നെ ഇതൊരു ഗവൺമെന്റിന്റെ വകുപ്പോ സ്ഥാപനമോ അല്ല. ഒരു ജനകീയ പ്രസ്ഥാനമാണെന്ന ബോധ്യത്തോടുകൂടി വികസിക്കപ്പെട്ട സർവ്വകലാശാലകളെല്ലാം ഒരു സമൂഹത്തെ, ജനതയെ മുന്നോട്ട് നയിച്ചിട്ടുണ്ട്. സർവ്വകലാശാല എന്നു പറയുന്ന മഹാത്തായ കൺസെപ്റ്റ് ലോകത്തിന് സമ്മാനിച്ച മഹത്തായ ഒരു വൈജ്ഞാനിക പാരമ്പര്യമുള്ള നാടാണ് നമ്മുടെ ഇൻഡ്യ. നളന്ദയും തക്ഷശിലയും അതിന് ഉദാഹരണമാണ്. എന്നാൽ ഇന്ന് നവലിബറൽ സാമ്പത്തിക നയങ്ങൾ ഈ സങ്കൽപ്പത്തെ പൂർണ്ണമായും മാറ്റിയെടുക്കുകയും സർവ്വകലാശാല ഒരു കച്ചവടസ്ഥാപനമായി, ഒരു വകുപ്പായി തരംതാഴ്ത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെ നവലിബറൽ നയം തുടരുന്ന യു.ഡി.എഫ്. സർക്കാർ ഈ സ്ഥാപനങ്ങളുടെ വിശാലമായ തലങ്ങളെ തമസ്ക്കരിച്ച് സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള ഒരു മേഖലയാക്കി ഇതിനെ മാറ്റുകയാണ്. കുനിയാൻ പറയുമ്പോൾ മുട്ടിലിഴയുന്ന സംസ്കാരമുള്ള നഭുംസകങ്ങളെ സിൻഡിക്കേറ്റിലെത്തിച്ച ഉന്നത വിദ്യാഭ്യാസത്തെ

ഷണ്ഡീകരിക്കാൻ വേണ്ടിയാണ് ഈ ഭേദഗതി ബിൽ ഇവിടെ കൊണ്ടുവരുന്നത്. ഈ സർക്കാരിന്റെ ലക്ഷ്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി ഈ ബിൽ അവതരണവേളയിൽ സൂചിപ്പിച്ചതുപോലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ മെച്ചപ്പെടുത്തലല്ല. സ്വന്തക്കാരുടേയും ഇഷ്ടക്കാരുടേയും മേച്ചിൽപ്പുറങ്ങളാക്കി സർവ്വകലാശാലകളെ മാറ്റുകയെന്നുള്ളതാണ്. സർവ്വകലാശാല സിൻഡിക്കേറ്റുകൾ വിനീത വിധേയൻമാരുടെ ഒരു മേച്ചിൽപ്പുറമാക്കി മാറ്റാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. സിൻഡിക്കേറ്റുകൾ തൊമ്മികളുടെ ഒരു സമൂഹമായി ഇവിടെ മാറാൻ പോകുകയാണ്. ഇന്ന് കേരളത്തിലെ സർവ്വകലാശാലകൾ നേരിടുന്ന ഗുരുതരമായ പ്രതിസന്ധി സർവ്വകലാശാല വിദ്യാഭ്യാസത്തെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്ത, അക്കാദമിക്ക് ജീവിതത്തിൽ സ്വന്തമായ ഇടമോ, വൈജ്ഞാനിക മേഖലയിൽ സ്വന്തമായ സംഭാവനകളോ ഇല്ലാത്ത പലരും വി.സി.-മാരായും സിൻഡിക്കേറ്റ് മെമ്പർമാരായും വന്നു കൊണ്ടിരിക്കുകയാണ്. നേരത്തെ യു.ഡി.എഫ്. സർക്കാർ ഏതെല്ലാം ഘട്ടത്തിൽ അധികാരത്തിൽ വന്നിട്ടുണ്ടോ ആ ഘട്ടത്തിലൊക്കെ സർവ്വകലാശാലയുടെ ജനാധിപത്യ സ്വഭാവം തകർക്കാൻ ശ്രമിച്ചിട്ടുണ്ട്. 2001 സെപ്തംബറിൽ ഇതുപോലെയുള്ള ഒരു യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) ബിൽ സഭയുടെ പരിഗണനയ്ക്കുവന്നു. അന്ന് പറഞ്ഞത് ഐ.ടി./ബി.ടി. വിദഗ്ദ്ധൻമാരെ ഉൾപ്പെടുത്തണം എന്നുള്ളതാണ്. എന്നാൽ ഇന്നിപ്പോൾ ഐ.ടി./ബി.ടി. വിദഗ്ദ്ധൻമാരെ നാമനിർദ്ദേശം

ചെയ്യാം എന്ന വകുപ്പ് മാറ്റി ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്ന് എട്ടിൽ കൂടാത്ത അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാം എന്ന ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. മാത്രമല്ല, ഗവൺമെന്റിന്റേയോ ചാൻസലറുടേയോ പ്രീതിക്ക് പാത്രമായിരിക്കുന്നിടത്തോളം മാത്രമേ ഇവർക്ക് തുടരാൻ കഴിയൂ. ഇത് സർവ്വകലാശാലകളുടെ സ്വയംഭരണം പൂർണ്ണമായും തകർക്കും. ഇത് വെറും തൊമ്മികളുടെ സിൻഡിക്കേറ്റിനെ ഉണ്ടാക്കാൻ മാത്രമേ പര്യാപ്തമാകുകയുള്ളൂ. രാഷ്ട്രീയ യജമാനൻമാരുടെ ആശ്രിത വൃത്തി ഏറ്റെടുക്കുന്നവനായി സിൻഡിക്കേറ്റ് അംഗങ്ങൾ മാറും. ഇതാണോ സർ ഓട്ടോണമി?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, തൊമ്മി എന്നുള്ളത് ഒരു പേരാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിൽ അതൊരു പ്രയോഗമായി മാറിയിട്ടുണ്ട്. ഏറാൻമൂളികൾ എന്ന അർത്ഥത്തിലാണ് ഞാൻ പ്രയോഗിച്ചത്. ഇവിടെ സർവ്വകലാശാലകളുടെ ഓട്ടോണമിയെക്കുറിച്ച് പറഞ്ഞു. ഓട്ടോണമിയെക്കുറിച്ച് പറഞ്ഞിട്ടുള്ള ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബില്ലിൽ പറയുന്നതെന്താണ്? ബില്ലിൽ പറയുന്നത് ചാൻസലറുടേയോ ഗവൺമെന്റിന്റേയോ പ്രീതിക്ക് പാത്രമായിരിക്കുന്നിടത്തോളം മാത്രമ തുടരാൻ കഴിയൂ എന്നാണ്. ഇതാണോ ഇവിടത്തെ ഓട്ടോണമി എന്നുപറയുന്നത്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും സെക്ഷൻ 12-ൽ എന്താണ് പറയുന്നത്.

തെരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനെ നിർദ്ദേശം ചെയ്യണം എന്നതിനു പകരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അക്കാദമിക് മികവ് പുലർത്തുന്ന ഒരു ബിരുദാനന്തര ബിരുദ വിദ്യാർത്ഥി എന്നാക്കി മാറ്റിയിരിക്കുകയാണ്. എന്താണിതിന്റെ അർത്ഥം? ഇതാണോ ജനാധിപത്യ? ഒരു സർവ്വകലാശാല യൂണിയൻ ചെയർമാനെന്നു പറഞ്ഞാൽ വിദ്യാർത്ഥികൾ തെരഞ്ഞെടുത്ത ഒരു പ്രതിനിധിയാണ്. ആ പ്രതിനിധിക്കുപകരം ഒരു നോമിനേറ്റഡ് ആയ വിദ്യാർത്ഥി പ്രതിനിധി ഉണ്ടാകാൻ പോകുകയാണ്. ഇതാണോ ജനാധിപത്യം. കെ.എസ്.യു. നേതാക്കൻമാരായ ആളുകൾ ഇവിടെ ഇരിക്കുന്നുണ്ടല്ലോ. കെ.എസ്.യു. നേതാക്കൻമാർക്ക് ഇത് അംഗീകരിക്കുവാൻ കഴിയുമോ. യഥാർത്ഥത്തിൽ നമ്മുടെ സർവ്വകലാശാലകളുടെ ജനാധിപത്യസ്വഭാവം തകർത്ത് സർക്കാരിന്റെ ഒരു വകുപ്പാക്കി മാറ്റാനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവരുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.. ഇപ്പോൾ നോമിനേറ്റഡ് സിൻഡിക്കേറ്റ് വന്നതിനുശേഷം എന്താണ് കേരളത്തിൽ നടക്കുന്നത്. കേരള സർവ്വകലാശാലയുടെ സ്റ്റാന്റിംഗ് കൗൺസിലറായി വച്ചിരിക്കുന്നത് അഡ്വക്കേറ്റ് ജോർജ് പൂന്തോട്ടത്തെയാണ്. കഴിഞ്ഞ കാലങ്ങളിലത്രയും സ്വാശ്രയ മാനേജുമെന്റകൾക്കുവേണ്ടി സർവ്വകലാശാലയ്ക്കും ഗവൺമെന്റിനുമെതിരായി കേസ് നടത്തിയ വക്കീലാണ് ഇദ്ദേഹം. കോഴിയുടെ സംരക്ഷണം കുറുക്കനെ ഏൽപ്പിക്കുന്നതുപോലെയല്ലേ ഇത്. ഇദ്ദേഹത്തെയാണ് സ്റ്റാന്റിംഗ് കൗൺസിലറായി വച്ചിരിക്കുന്നത്.

നേരത്തെയുള്ള ഇദ്ദേഹത്തിന്റെ കക്ഷികളുടെ ഒരു കേസ് സർവ്വകലാശാലയ്ക്കെതിരായി വന്നാൽ ഇദ്ദേഹം അവിടെ എന്ത് നിലപാടാണ് സ്വീകരിക്കാൻപോകുന്നത്. സർവ്വകലാശാലകളുമായി ബന്ധപ്പെട്ട കേസ്സുകളിൽ സർവ്വകലാശാല തോൽക്കുന്നത് ഇതുകൊണ്ടാണ്. നമുക്കറിയമല്ലോ ഇപ്പോൾ കാലിക്കറ്റ് സർവ്വകലാശാലയിൽ നടക്കുന്ന കാര്യം. കേരളത്തിന് വളരെ മഹത്തരമായ ഒരു പാരമ്പര്യമുണ്ട്. സമാരാധ്യനായ സഖാവ് ഇ. എം.എസ്. കേരളത്തിന്റെ മുഖ്യമന്ത്രി ആയിരിക്കുന്ന ഘട്ടത്തിൽ കേരള സർവ്വകലാശാലയുടെ വൈസ്ചാൻസലറായി ആദ്യം കൊണ്ടുവന്നത് പ്രൊഫ. ജോൺ മത്തായിയെയാണ്. ഇന്ത്യയിലെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിന്റെ മന്ത്രിസഭയിലെ അംഗമായിരുന്നു അദ്ദേഹം. ആസൂത്രണ ബോർഡിന്റെ സെക്രട്ടറിയായിരുന്നു. അദ്ദേഹത്തെ ഇങ്ങോട്ടേയ്ക്ക് ക്ഷണിച്ചുകൊണ്ടുവന്ന് കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയുടെ, മദർ സർവ്വകലാശാലയുടെ വൈസ്ചാൻസലറാക്കി മാറ്റി. ഇവിടെ കേരളത്തിന്റെ പാരമ്പര്യമെന്നു പറയുന്നത് മുഖ്യമന്ത്രിയെക്കാണാൻ അനുവാദം ചോദിച്ച വൈസ്ചാൻസലറെ അദ്ദേഹത്തിന്റെ വീട്ടിൽ വന്ന് കാണാം എന്നറിയിച്ച മുഖ്യമന്ത്രി കേരളത്തിൽ ഉണ്ടായിരുന്നു എന്ന കാര്യം ഇപ്പോൾ യു.ഡി.എഫ്. -കാർ ഓർക്കുന്നില്ല. പക്ഷെ അത് കേരളത്തിന്റെ ചരിത്രമാണ്. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഇവിടെ സ്കൂൾ അദ്ധ്യാപകന്മാരെയാണ് വൈസ് ചാൻസലർമാരാക്കുന്നത്. സ്കൂൾ അദ്ധ്യാപകന്മാരായ ആളുകളെ വൈസ് ചാൻസ

ലർമാർ ആക്കുന്ന ഒരു തീരുമാനം കേരളത്തിൽ എടുത്തില്ലേ? അക്കാദമിക് സമൂഹം അവസരോചിതമായി ഇടപെട്ടില്ലായിരുന്നുവെങ്കിൽ കേരളീയ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ ദുരന്തമായി അത് മാറുമായിരുന്നു. അതുകൊണ്ട് മാത്രം ഒരു സർവ്വകലാശാലയുടെ മേൽ പതിച്ച അപമാനത്തിന്റെ കളങ്കം കഴുകിക്കളയാൻ സാധിക്കുമോ? അവിടെ ഇപ്പോൾ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്; പത്രങ്ങളിലും ഈ സഭയിലും വന്നിട്ടുള്ള കാര്യമാണ്. കോളേജ് അനുവദിക്കുന്ന കാര്യത്തിൽ യാതൊരു മാനദണ്ഡവും അവിടെ പുലർത്തുന്നില്ല എന്ന് ബഹുമാനപ്പെട്ട ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഈ സഭയിൽ ഉന്നയിച്ച കാര്യം ഞാൻ ക്വാട്ട് ചെയ്തതാണ്. ഈ സഭയിൽ നേരത്തെ സബ്മിഷനിലൂടെയും അടിയന്തര പ്രമേയത്തിലൂടെയും ഉന്നയിച്ച ഇക്കാര്യം ഈ ഘട്ടത്തിൽ വളരെ പ്രസക്തമാണ്. അവിടെ കോളേജ് അനുവദിക്കുന്ന കാര്യത്തിൽ ഒരു മാനദണ്ഡവും പാലിച്ചിട്ടില്ല; മുസ്ലീംലീഗുകാരാണോ അവർ അംഗങ്ങളായിട്ടുള്ള ട്രസ്റ്റാണോ എങ്കിൽ അവർക്ക് മാനദണ്ഡം ബാധകമല്ല. ഒരു യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ട് പ്രകാരം ജൂൺ മാസം 30-നുള്ളിൽ കോളേജിന് അപേക്ഷിക്കണം. അതിന് സാധിക്കാത്തവർക്ക് ഡിസംബർ 30-നുള്ളിൽ ഫൈനോട് കൂടി അപേക്ഷിക്കാം. എന്നാൽ ജനുവരി 22-ാം തീയതി കോളേജിന് അപേക്ഷിച്ച മുസ്ലീം ലീഗ് നേതാവ് ചെയർമാനായിട്ടുള്ള ട്രസ്റ്റിന് എഞ്ചിനീയറിംഗ് കോളേജ് കൊടുത്തു. ഇതാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. മാത്രമല്ല അവിടെ

മാർക്ക് ദാനം നടന്നുകൊണ്ടിരിക്കുകയാണ്. എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് 10 മാർക്ക് കിട്ടിയ വിദ്യാർത്ഥിക്ക് 30 മാർക്ക് മോഡറേഷൻ നൽകി പാസ്സാക്കാൻ തീരുമാനമെടുത്തു. 2008-ലെ ഒരു റെഗുലേഷൻ പ്രകാരം ഏതെങ്കിലും ഒരു വിഷയത്തിൽ മാത്രം പരാജയപ്പെട്ട വിദ്യാർത്ഥിക്ക് വേണമെങ്കിൽ 10 മാർക്ക് കൊടുക്കാം എന്നുള്ളത് തിരുത്തി ഇപ്പോൾ 30 മാർക്ക് വരെ നൽകി മാർക്ക് ദാനം നടന്നുകൊണ്ടിരിക്കുകയാണ്. മാർക്ക് ദാനം മാത്രമല്ല, കോളേജ് ദാനവും തൊഴിൽദാനവും നടന്നുകൊണ്ടിരിക്കുന്നു. 150 ഓളം വരുന്ന പ്യൂൺ, വാച്ച്മാൻ തസ്തികകളിലേയ്ക്ക് ഒറ്റദിവസം കൊണ്ട് 350 പേരുടെ ഇന്റർവ്യൂ വച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെയുള്ള ഒരു ജംബോ ഇന്റർവ്യൂ നടന്നിട്ടുണ്ടോ? അവസാനം അതിനെതിരെ കോടതിയിൽ പോയപ്പോൾ ഇന്റർവ്യൂ സുതാര്യമായിരിക്കണം എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു. അങ്ങനെ കോടതി ഇടപെട്ടതുകൊണ്ടാണ് വലിയൊരു കുംഭകോണത്തിന് താൽക്കാലികമായി തടയിടാൻ കഴിഞ്ഞത്. ഇതാണ് കാലിക്കറ്റ് സർവ്വകലാശാലയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ നടപ്പിലാക്കിയിട്ടുള്ള ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം- ഒരു തലമുറയെ വാർത്തെടുക്കുന്ന, സമൂഹത്തെ വാർത്തെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ്. ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തെ തകർക്കാനാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ വന്നതിനു ശേഷം ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതിന്റെ അപാകത

കൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീമതി ഹൃദയകുമാരി ടീച്ചറിന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചു. സെലക്ടീവായിട്ടുള്ള ചില കോളേജുകളിൽ മാത്രമായി ഇത് പരിമിതപ്പെടുത്തണം എന്നതാണ് ആ കമ്മിറ്റിയുടെ ശുപാർശ. കേരളത്തിലെ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതിനെക്കുറിച്ച് കേന്ദ്ര സർക്കാർപോലും അപ്രീഷ്യേറ്റ് ചെയ്തതാണ്. ശ്രീ. കപിൽ സിബൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചതുമാണ്. അതുപോലെ ദേശീയ ആസൂത്രണ കമ്മീഷൻ എം.ജി. സർവ്വകലാശാലയിൽ നേരിട്ട് വന്ന് കാര്യങ്ങൾ മനസ്സിലാക്കി കേരള ഗവൺമെന്റിനെ അപ്രീഷേ്യറ്റ് ചെയ്ത് തിരിച്ചുപോയതാണ്. ആ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തെ തകർക്കാനുള്ള തകൃതിയായ നീക്കങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ബഡ്ജറ്റ് അവതരണവേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിദ്യാഭ്യാസ മേഖലയിൽ തിരുവനന്തപുരത്ത് ഒരു നോളഡ്ജ് സിറ്റി ആരംഭിക്കാൻ പോകുന്നുവെന്ന് പറഞ്ഞു. എന്താണ് ഈ നോളഡ്ജ് സിറ്റിയുടെ പിന്നിലുള്ളത്? ഫോറിൻ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബില്ലാണ് ഇതിന്റെ പിന്നിലുള്ളത്, പാർലമെന്റിന്റെ പരിഗണനയിൽ വന്നിട്ടുള്ള ബിൽ. അതിന്റെ പശ്ചാത്തലത്തിൽ വിദേശ സർവ്വകലാശാലകൾക്ക് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ചുവപ്പ് പരവതാനി വിരിക്കാനാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. ഇങ്ങനെ സർവ്വകലാശാലകളെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മാത്ര

മല്ല വളരെ ഗുരുതരമായ ഒരു വിഷയം കൂടി ഉയർന്നു വന്നിരിക്കുന്നു. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് സമീപകാലത്ത് നേരിടേണ്ടി വന്ന ഏറ്റവും അപമാനകരമായ സ്ഥിതിവിശേഷം അവിടെ അരങ്ങേറുന്ന മതവി ഭാഗീയതയാണ്. അല്ലെന്നു പറയാൻ കഴിയുമോ? സാമൂഹ്യജീവിത ത്തിലെ എല്ലാ അടിസ്ഥാനതത്വവും അവരവരുടെ വിശ്വാസങ്ങളിൽ അടി യുറച്ച് നിൽക്കാൻ അവകാശമുണ്ടായിരിക്കണം. നമുക്കാർക്കും അഭിപ്രാ യവ്യത്യാസമില്ല എന്നതുപോലെ പൊതുജീവിതം മതവിഭാഗീയതയുടെ പിടിയിൽ അകപ്പെടാതിരിക്കേണ്ടതും അത്യാവശ്യമാണ്. ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം ഈ മതനിരപേക്ഷ മൂല്യങ്ങൾ ഓരോ ചുവടിലും കാത്തുസൂക്ഷിക്കാൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നു. കാലിക്കറ്റ് സർവ്വകലാശാല യിൽ സംഭവിക്കുന്നത് ഇതൊന്നുമല്ല. ഇത് വളരെ ഗൗരവമുള്ള വിഷയ മാണ്. കേരളത്തിന്റെ മതേതര സംസ്ക്കാരത്തെ സംബന്ധിച്ചിടത്തോളം അതിന്റെ നിലനിൽപ്പിനെത്തന്നെ അപകടപ്പെടുത്തുന്ന അങ്ങേയറ്റം ഗൗര വതരമായ വിഷയങ്ങളാണ് അവിടെ ഉയർന്നുവരുന്നത്. അതുകൊണ്ട് ഈ ബില്ലിനെ ശക്തമായി എതിർക്കുകയാണ്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല വിദേശ കോർപ്പറേറ്റ് ശക്തികൾക്ക് അടി യറവയ്ക്കാൻ വേണ്ടിയുള്ള വഴിയൊരുക്കുന്ന ബില്ലാണിത്. ജനാധിപത്യ ത്തിന്റെ, സർവ്വകലാശാല ജനാധിപത്യത്തിന്റെ മരണമണി മുഴക്കുന്ന ഒരു ബില്ലാണ് ഇത്. ഞാൻ ഈ ബില്ലിന്റെ ഭേദഗതികളെ അതിശക്തമായി എതിർക്കുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നേരത്തെ ശ്രീ. ടി.വി. രാജേഷ് സൂചിപ്പിച്ചതുപോലെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് എത്രയോ കാലമായി നിലനിൽക്കുന്ന സാമാന്യമര്യാദയുടെ സമ്പൂർണ്ണമായ കൊല പാതകമാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. ഈ സർവ്വകലാശാല ബില്ലിന്റെ ഭേദഗതിക്ക് ഒരൊറ്റ ലക്ഷ്യം മാത്രമാണുള്ളത്, കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്ക് നേതൃത്വം കൊടുത്തുകൊ ണ്ടിരിക്കുന്ന സെനറ്റിനെയും സിൻഡിക്കേറ്റിനെയും വരുതിയിലാക്കി ജനാ ധിപത്യ സ്വഭാവം സമ്പൂർണ്ണമായി നശിപ്പിക്കുകയും അതിന്റെ സ്വയംഭ രണം ഇല്ലാതാക്കുകയും രാഷ്ട്രീയ ഇടപെടലിലൂടെ സർവ്വകലാശാലയെ കേവലം ആജ്ഞാനുവർത്തികളാക്കി മാറ്റുക എന്ന ഏകലക്ഷ്യം മാത്ര മാണ് ഈ അമെന്റ്മെന്റിലൂടെ കൊണ്ടുവന്നിട്ടുള്ളത്. സർവ്വകലാശാലക ളുടെ സ്വയംഭരണം എന്നുപറയുന്നത് പുതിയ കാര്യമല്ല. പരിഷ്കൃത സമൂഹത്തിന്റെ മുഖലക്ഷണമാണ് സർവ്വകലാശാലകളുടെ സ്വയംഭരണം. ഇന്നത്തെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ പ്രകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിന്റെയും ഇന്ത്യയുടെയും ലോകത്താകമാനമുള്ള സർവ്വകലാശാലകളുടെ ചരിത്രത്തെക്കുറിച്ചും

അവ ഒരു സമൂഹത്തിൽ സൃഷ്ടിക്കുന്ന നേട്ടങ്ങളെ സംബന്ധിച്ചുമുള്ള ഒരു സാമാന്യമായ സംവാദത്തിന് തയ്യാറാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ആ സംവാദത്തിന് വേണ്ടിയാണ് ഇത് പൊതുജനാഭിപ്രായത്തിന് വിടണമെന്ന് പറയുന്നത്. ചരിത്രത്തിൽ നിഷേധികളും ധിക്കാരികളുമായ ഭരണാധികാരികളുണ്ട്. ജനാധിപത്യബോധം വേരുറച്ചിട്ടില്ലാത്ത സമൂഹങ്ങൾ, ഇവരെല്ലാം ഇക്കാര്യത്തിൽ ഒരു നിലപാടാണ് സർവ്വകലാശാല സ്വയംഭരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചത്. ഇന്ത്യ വലിയ പാരമ്പര്യമുള്ള സർവ്വകലാശാലകളുടെ നാടാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികൾ വന്ന് പഠിച്ച് പോയിരുന്ന നളന്ദയുടെയും തക്ഷശിലയുടെയും പാരമ്പര്യം. ഗവൺമെന്റുകൾ ഇടപെട്ട് ഒരു തരത്തിലുള്ള കുഴപ്പങ്ങളും സൃഷ്ടിക്കാത്ത വാരണാസിയിലെ ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി, ബുദ്ധിജീവികളെ പ്രസവിക്കുന്ന ഇന്ത്യയിലെ ഏറ്റവും പ്രമുഖ കേന്ദ്രമായ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി. ഈ സർവ്വകലാശാലകളുടെയൊന്നും ഭരണത്തിലോ ദൈനംദിനകാര്യങ്ങളിലോ അക്കാഡമിക് കാര്യങ്ങളിലോ ആരും ഇടപെടാറില്ല. അതുകൊണ്ട് തന്നെ ഇന്ത്യയുടെ അക്കാഡമിക് ഔട്ട്പുട്ട് ഈ സർവ്വകലാശാലകളിൽ നിന്നുമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അമേരിക്കയുടെ പ്രസിഡന്റ് വുഡ്രോ വിൽസൺ മുതൽ ഏറ്റവും ജനാധിപത്യ വിരുദ്ധ ഭരണാധികാരി എന്ന് ചരിത്രത്തിൽ പലപ്പോഴും വിശേഷിപ്പിക്കുന്ന സർ സി.പി. രാമസ്വാമി അയ്യർ വരെ ഈ

കാര്യത്തിൽ ഒരു യോജിപ്പാണ് സ്വീകരിച്ചിട്ടുള്ളത്. ഹെൻറി കിസിഞ്ചർ അമേരിക്കയിലെ ഏറ്റവും വലിയ പൊളിറ്റിക്കൽ സയന്റിസ്റ്റ്, നോബൽ സമ്മാന ജേതാവ് അദ്ദേഹം ജീവിതകാലം മുഴുവൻ പോരാടിയത് മൂല്യപ്രചോദിതമായ സർവ്വകലാശാലകൾക്ക് വേണ്ടിയായിരുന്നു. □മൂല്യപ്രചോദിതമായ ജനാധിപത്യവും ഗൗരവമേറിയ പഠനഗവേഷണവും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു സംഗമവേദിയായിരിക്കണം സർവ്വകലാശാല. അത് സർവ്വകലകളുടേയും അക്ഷയഭൂമിയായിരിക്കണം□ വുഡ്രോ വിൽസൺ-ന്റെ വാക്കുകളാണ്. ഉസ്മാനിയ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി സർ സി.പി. രാമസ്വാമി അയ്യർ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് ജനാധിപത്യവിരുദ്ധ നീക്കങ്ങളുണ്ടായത്. ആന്ധ്രാപ്രദേശിനെ കുലുക്കിമറിച്ച വലിയ പ്രക്ഷോഭത്തിനും സർ സി.പി. നേതൃത്വം കൊടുത്തു. ജനാധിപത്യത്തെക്കുറിച്ച് വേണ്ടത്ര ബോധമില്ലാത്ത, പലപ്പോഴും ജനാധിപത്യ ഭരണകൂടങ്ങളെ അംഗീകരിക്കാത്ത ഒരു സമൂഹമാണ് പാകിസ്ഥാൻ. ഇക്കഴിഞ്ഞ 2012 ഏപ്രിൽ മാസം 2-ാം തീയതി പാകിസ്ഥാനിലെ സിന്ധ് ചാർട്ടറിൽ ആ രാജ്യത്തെ സർവ്വകലാശാലകളുടെ ഒരു സംഘടനാ സമ്മേളനം ചേർന്നു. അത് രാഷ്ട്രീയ പാർട്ടികളുടെ സംഘടനയല്ല. EAPUSA എന്നാണ് അതിന്റെ പേര്. ആ സമ്മേളനത്തിൽ ഒരു പ്രമേയം പാസ്സാക്കി. സർവ്വകലാശാലകളിൽ രാഷ്ട്രീയമായി ഇടപെടാൻ ഒരു കാരണവശാലും പാടില്ല എന്ന നിലപാട് അസന്നിഗ്ദ്ധമായി പാകിസ്ഥാൻ പ്രഖ്യാപിക്കണമെന്ന് ജനാധിപത്യ വിരുദ്ധത

യുള്ള ഒരു ഗവൺമെന്റിനോട് അവർ ആവശ്യപ്പെടുകയുണ്ടായി. ഇതാണ് ലോകത്താകമാനം സർവ്വകലാശാലകളോട് ജനാധിപത്യപരിഷ്കൃതസമൂഹം പ്രകടിപ്പിക്കുന്ന രീതി. ആ രീതിയെ കൊന്നുകൊലവിളിക്കുന്ന രീതിയാണ് ഇവിടെ സംഭവിക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇവിടെ നോമിനേറ്റഡ് സിൻഡിക്കേറ്റുകളെ പിരിച്ചുവിടുമോയെന്ന് അസംബ്ലിയിൽ ചോദ്യമുണ്ടായി. പിരിച്ചുവിടില്ലായെന്ന ഒറ്റവാക്കാണ് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായ ശ്രീ. എം.എ. ബേബി മറുപടി പറഞ്ഞത്. അക്കാദമിക് ഉയർച്ച മാത്രം വച്ചുകൊണ്ട് നിരവധി പദ്ധതികൾ അന്നത്തെ ഗവൺമെന്റ് ആസൂത്രണം ചെയ്തു. അത് കക്ഷി രാഷ്ട്രീയക്കാരെയോ, പഞ്ചായത്ത് പ്രസിഡന്റുമാരെയോ, മുസ്ലീംലീഗിലെ ഭാരവാഹികളെയോ ഏൽപ്പിക്കുന്ന സമീപനമല്ല സ്വീകരിച്ചത്. ഗവൺമെന്റ് ഒരു ഹയർ എജ്യൂക്കേഷൻ കൗൺസിൽ അന്ന് രൂപീകരിച്ചു. ഹയർ എജ്യൂക്കേഷൻ കൗൺസിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ remould ചെയ്യാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ചരിത്രത്തിലാദ്യമായി ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം അഡോപ്റ്റ് ചെയ്യാൻ തീരുമാനിച്ചു. ഇന്റേണൽ മൊബിലിറ്റിയെന്ന ആധുനിക വിദ്യാഭ്യാസ രംഗത്തെ സവിശേഷമായ ഒരു പദ്ധതി വിഭാവനം ചെയ്യപ്പെട്ടു. ആറ് മാസക്കാലം, വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട, ഇച്ഛയുള്ള വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠിക്കാനും കോളേജുകളും സർവ്വകലാശാലകളും വരെ മാറുന്ന സാഹചര്യം അതിൽ

നിർദ്ദേശിക്കപ്പെട്ടു. അതിന്ന് destabilize ചെയ്യാനുള്ള നീക്കം നടക്കുകയാണ്. കോളേജുകളെ ക്ലസ്റ്ററായി തിരിച്ച്, ലോകത്തെ ഏറ്റവും ആധുനികമായ ഉന്നത വിദ്യാഭ്യാസത്തിന്റെ സംവിധാനം കൊണ്ടുവരുന്നതിനുവേണ്ടി, കോത്താരി കമ്മീഷൻ 1937-മുതൽ ഈ രാജ്യത്ത് ചർച്ച ചെയ്യുന്ന ക്ലസ്റ്റർ കമ്മീഷൻവരെ കേരളത്തിൽ കൊണ്ടുവരാൻ ശ്രമിച്ചു. ആ കോളേജ് ക്ലസ്റ്ററുകളിന്ന് ചവറ്റുകുട്ടയിലാണ്. കേരളത്തിൽ റീ-കോളനിവത്ക്കരണം നടത്താനുള്ള ഒരു ശ്രമം കേന്ദ്ര വിദ്യാഭ്യാസ ബില്ലിന്റെ ഭാഗമായി വന്നു. പാർലമെന്റിന് മുമ്പാകെയുള്ള ഫോറിൻ യൂണിവേഴ്സിറ്റി ബിൽ പ്രൊപ്പോസ് ചെയ്യുന്നത് വിദ്യാഭ്യാസ രംഗത്ത് മെക്കോളയുടെ രണ്ടാം വരവിനുവേണ്ടിയാണ്. ആ മേഖലകളിൽ ഇടപെട്ടുകൊണ്ട് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാമെന്ന പുതിയ സ്കീം കേരളാ ഗവൺമെന്റ് ആസൂത്രണം ചെയ്തു. Collaborating with International Renowned Universities and their Faculty അതായിരുന്നു ലക്ഷ്യം. ആ പദ്ധതിയിന്ന് കേൾക്കുന്നില്ല. പുതിയ സ്ഥാപനങ്ങൾ ഈ മേഖലയിൽ കൊണ്ടുവരാൻ പരിശ്രമിച്ചു. അതിന്റെ ഭാഗമായി IIST, Space Science and Technology, Indian Institute of Science Education and Research (IISER), Central University and Center of Alighat Muslim University ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുവന്നു. ഈ ഇനിഷ്യേറ്റീവ്സിന്റെയൊക്കെ ഭാഗമായി മഹാത്മാഗാന്ധി യൂണിവേഴ്സി

റ്റിക്ക് ഇന്ത്യയിലെ നാല് വിഖ്യാത സർവ്വകലാശാലകളുടെ കൂട്ടത്തിൽ ഇടം കിട്ടി. കാൺപൂർ ഐ.എ.ടി.-യുടേയും ഐ.എ.ടി. ഡൽഹിയുടേയും ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയുടേയും കൂട്ടത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഐഡന്റിഫൈ ചെയ്യുന്ന സ്ഥിതിയുണ്ടായി. ഇത്തരം നേട്ടങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്കുണ്ടായത് അത് കക്ഷിരാഷ്ട്രീയക്കാരെ ഏൽപ്പിച്ചിട്ടല്ല, സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറിമാരെ വൈസ് ചാൻസലറാക്കാൻ അന്ന് ഞങ്ങൾ തീരുമാനിച്ചിരുന്നില്ല. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് സവിശേഷമായ മാറ്റത്തിന്റെ കാഹളം മുഴങ്ങുന്ന കാലം പരിപൂർണ്ണമായി തകർക്കുന്ന സമീപനം സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ എന്താണ് ഇവിടെ സംഭവിച്ചത്. നോമിനേറ്റഡ് സിൻഡിക്കേറ്റ് ഈ ആഗസ്റ്റിൽ ഒരു വർഷം പൂർത്തീകരിക്കുകയാണ്. ഇലക്ഷനോ സെനറ്റ് തെരഞ്ഞെടുപ്പോ നടന്നിട്ടില്ല. ഒരിക്കൽ നോട്ടിഫൈ ചെയ്താൽ അത് സർവ്വകലാശാലയുടെ ആക്ടിന് എതിരായി, സ്റ്റാറ്റ്യൂട്ടിന് എതിരായി തിരുത്താൻ പാടില്ല. ഇവിടെ യു.ഡി.എഫ്. അതും ചെയ്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ട് സ്റ്റാറ്റ്യൂട്ട് പ്രകാരം നോട്ടിഫൈ ചെയ്തത് തിരുത്തി. ചില അദ്ധ്യാപകരെ കൊണ്ട് റിക്വസ്റ്റ് കൊടുപ്പിച്ച് മാർച്ച് മാസത്തിൽ ട്രാൻസ്ഫറുണ്ടെന്ന പ്രശ്നം പറഞ്ഞുകൊണ്ട് അത് നീട്ടിക്കൊണ്ടുപോവുകയാണ്. സെനറ്റ് ഇലക്ഷന്റെ ഷെഡ്യൂൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. എന്തിനാണ് ഇങ്ങനെയെല്ലാം നീക്കങ്ങൾ നടത്തുന്നത്? ഇവിടെ നേരത്തെ സൂചിപ്പിക്കപ്പെട്ട

തുപോല വിവിധ തരത്തിലുള്ള ഇൻസെർഷനുകൾ......... സർവ്വകലാശാല സിൻഡിക്കേറ്റിന്റെ നിലനിൽപ്പിനേയും സെനറ്റിനേയും സംബന്ധിച്ച് ഈ ഭേദഗതിയിൽ പറയുന്നത്, ഇച്ഛയ്ക്ക് അനുസരിച്ച് അതിന്റെ ഘടനയെ മാറ്റുന്നതിനുവേണ്ടി ഏകമാത്രമായ ലക്ഷ്യത്തോടുകൂടി വരുന്നത് എന്തിനാണ്? സർവ്വകലാശാല ഭരണത്തെ ഇത്രയുമധികം രാഷ്ട്രീയവത്ക്കരിക്കുന്നത് എന്തിനാണ്? ഇങ്ങനെ രാഷ്ട്രീയവത്ക്കരിക്കുന്നതും ഏകപക്ഷീയമായി തന്നിഷ്ടങ്ങൾ നടപ്പിലാക്കാൻ പരിശ്രമിക്കുന്നതും എന്തിനാണ് എന്നുള്ളതാണ് നമ്മൾ ചർച്ചചെയ്യേണ്ടത്. ഞാൻ കേവലമായ രാഷ്ട്രീയ ആരോപണമല്ല ഉന്നയിക്കുന്നത്. ഈ ഉന്നയിക്കുന്ന ആരോപണങ്ങൾ ശ്രീ. പി.സി. വിഷ്ണുനാഥിനും ശ്രീ. സി.പി. മുഹമ്മദിനും ഉൾപ്പെടെയുള്ള ഭരണപക്ഷ ബഞ്ചുകളിലിരിക്കുന്ന ആളുകൾകൂടി മനസ്സിലാക്കേണ്ടതാണ്. സർവ്വകലാശാലയിൽ ചർച്ചചെയ്തത് നുണയായിരുന്നോ? ഭൂമിദാനം ഞങ്ങൾ ആക്ഷേപം വെറുതെ ഉന്നയിച്ചതാണോ? കോഴിക്കോട് സർവ്വകലാശാലയിൽ നിലവിൽ അഞ്ച് ചെയറുകൾ പ്രവർത്തിക്കുന്നുണ്ട്. ആ ചെയറുകൾ പ്രവർത്തിക്കുന്നത് അവിടത്തെ ആശയ സംവാദത്തിന് സഹായകരമാണ്. രാജ്യത്തിന്റെ രാഷ്ട്ര പിതാവാണ് ഗാന്ധിജി. രാഷ്ട്ര പിതാവിന്റെ പേരിലുള്ള ചെയറിന് ഇരുപത് സെന്റാണ് അനുവദിച്ചത്. ആധുനിക കേരളത്തിന്റെ പിതാവ്..... ഈ സർവ്വകലാശാല സ്ഥാപിക്കുന്ന സമയത്ത് കേരളത്തിന്റെ മുഖ്യമന്ത്രി ഇ.എം.എസ്.-ന്റെ പേരിലുള്ള ചെയർ ഇരുപത് സെന്റാണ്. സനാദന ധർമ്മങ്ങൾ പഠിപ്പിക്കുന്ന ചെയ

റിന് ഇരുപത് സെന്റാണ്, ബഹുമാന്യനായ സി.എച്ച്. മുഹമ്മദുകോയ യുടെ പേരിൽ ആരംഭിക്കാൻ പോകുന്ന ചെയറിന് അപേക്ഷ കൊടുത്ത പ്പോൾ പത്തേക്കറാണ് ആവശ്യപ്പെട്ടത്. പത്തേക്കർ ആവശ്യപ്പെട്ടപ്പോൾ സർവ്വകലാശാല നിയമം അനുസരിച്ചല്ലാത്തതുകൊണ്ട് കൊടുക്കേ ണ്ടതില്ലായെന്ന് തീരുമാനിച്ചു. പക്ഷേ അതേ അപേക്ഷ തിരിച്ചുവാങ്ങി ട്രസ്റ്റിന്റെ പേരിൽ പത്തേക്കർ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ അപേക്ഷ കൊടുത്തു. പത്തേക്കർ ഭൂമി, സർവ്വകലാശാലയുടെ കണ്ണായ ഭൂമി, നാഷണൽ ഹൈവേയുടെ സമീപത്തുള്ള ഭൂമി സി.എ ച്ച്-ന്റെ പേരിൽ എഴുതി കൊടുത്തിട്ട്, സർവ്വകലാശാലയുടെ ഭൂമി വിദ്യാഭ്യാസ കച്ചവടത്തിന് വിട്ടുകൊടുക്കാനുള്ള തീരുമാനം ബഹുമാന്യ നായ സി.എച്ച്. മുഹമ്മദ്കോയ ജീവിച്ചിരുന്നുവെങ്കിൽ സമ്മതിക്കുമായി രുന്നോ? ജീവിച്ചിരുന്നെങ്കിൽ സമ്മതിക്കില്ലായിരുന്നു. ആ സ്വാശ്രയ വിദ്യാ ഭ്യാസ സ്ഥാപനങ്ങളുടെ കേന്ദ്രമാക്കി മാറ്റാനുള്ള തീരുമാനമാണ് അവർ എടുത്തത്. ഭൂമിദാനം ഒറ്റവിഷയത്തിൽ അവസാനിക്കുകയല്ല. സർവ്വകലാ ശാലയുടെ കണ്ണായ നൂറിലധികം ഏക്കർ ഭൂമി വിവിധ ട്രസ്റ്റുകൾക്ക്..... ബാഡ്മിന്റൺ കളിക്കാൻ മൂന്നേക്കർ, ഒളിംപിക്സ് അസോസിയേഷന് പത്തേക്കർ, വേറൊരു സംഘടനയ്ക്ക് ഇരുപത്തിയഞ്ച് ഏക്കർ ഇങ്ങനെ കൈമാറുകയും അതിന്റെ ഭാഗമായി കൂട്ടുകച്ചവടം നടത്തുകയും ചെയ്യുക യാണ്. നോമിനേറ്റഡായ സിൻഡിക്കേറ്റ് ഇത്തരം സമീപനങ്ങൾ സ്വീകരി ച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഉയർന്നുവന്ന മറ്റൊരു പ്രശ്നമാണ്

മാർക്ക് ദാനം. ഞാൻ കഴിഞ്ഞ സഭയിൽ ഉന്നയിച്ചതാണ്. സർവ്വകലാശാല യുടെ അക്കാദമിക് കാര്യങ്ങൾ തീരുമാനിക്കേണ്ടത് അക്കാദമിക് കൗൺസിലും ഫാക്കൽറ്റികളും ബോർഡ് ഓഫ് സ്റ്റഡീസുമാണ്. അത് സർവ്വകലാശാലയുടെ പരീക്ഷയുടെ ഒരു സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കു കയാണ്. നൂറിൽ ഇരുപത് മാർക്ക് കിട്ടിയ കുട്ടി എഞ്ചിനീയറാകുന്നത് എഞ്ചിനീയറിംഗിന് ഗുണകരമായിരിക്കില്ലെന്ന് ഫാക്കൽറ്റിയുടെ ഡീൻ, അക്കാദമിക്ക് കൗൺസിലിലെ ഡോ. സതീശ്കുമാർ പറയുകയാണ്. സാധാരണഗതിയിൽ ഒരു സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിൽ ഇലക്ഷനൊന്നും ഉണ്ടാകാറില്ല. അവിടെ ആ ഫാക്കൽറ്റി യുടെ ഡീനും ബോർഡ് ഓഫ് സ്റ്റഡീസും പറയുന്ന അഭിപ്രായത്തെ മറ്റുള ളവർ അംഗീകരിക്കും. എന്നാൽ ഡോ. സതീശ്കുമാർ എന്നുപറയുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഫാക്കൽറ്റി ഡീനിന്റെ വിയോജിപ്പ് നില നിൽക്കെ വാശിയോടുകൂടി നൂറിൽ ഇരുപത് മാർക്ക് വാങ്ങുന്ന കുട്ടി വിജ യിക്കട്ടേയെന്ന് തീരുമാനിക്കുകയാണ്. അതുമാത്രമല്ല 2008-മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കണമെന്ന് തീരുമാനിക്കുകയാ ണ്. ആർക്കുവേണ്ടിയാണ് ഒരു സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ ഇങ്ങനെ മാനുപ്പുലേറ്റ് ചെയ്ത് 2008 മുതൽ തോറ്റ് കിടക്കുന്ന എഞ്ചിനീയർമാരെ വിജയിപ്പിക്കാനുള്ള നീക്കങ്ങൾ നടത്തുന്ന ത്. ഇത് ആർക്കുവേണ്ടിയുള്ള ഭരണമാണ് നടത്തിയത്? ഇതിന് സമാന മായ സ്ഥിതിയാണ് കോളേജുകളുടെ ദാനത്തിൽ ഉയർന്നുവന്നത്. കോളേ

ജുകൾ ദാനം ചെയ്യുന്നുവെന്ന ആക്ഷേപം ഉയർന്നുവന്നപ്പോൾ ചില ആളുകൾക്ക് വേദനിച്ചു. 10-ഉം 28-ഉം കോളേജുകൾ, ഞാൻ കഴിഞ്ഞ ദിവസം ഇവിടെ സൂചിപ്പിച്ചു. കേരളത്തിൽ പല്ലില്ലാത്തവരുടെ സംസ്ഥാന മായി ഇനി കേരളം മാറും. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണ ക്കുപ്രകാരം 3500 രോഗികൾക്കാണ് ഒരു ഡെന്റൽ ഡോക്ടർ ആവശ്യമുള ളത്. കേരളത്തിൽ അതിപ്പോൾത്തന്നെ 7500 ആണ്. അതിനിടയിലാണ് ഡെന്റൽ സീറ്റുകൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകളെല്ലാം നിലവാരമില്ലാത്തതാണെന്നും നാല് ശതമാനം വരെ ആളുകൾ തോൽക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാലകൾ ഇവയുടെ നിലവാരത്തെക്കുറിച്ച് പരിശോധിക്കണമെന്നുമുള്ള കാര്യം ഹൈക്കോടതി പരിഗണിച്ചതിന്റെ ഇടയിൽ 10-ഉം 28-ഉം കോളേജുകൾക്ക് അനുവാദം കൊടുക്കുകയാണ്. കോളേജിന് അനുവാദം കൊടുക്കാൻ അന്വേഷി ക്കാൻ പോകുന്നത് സിൻഡിക്കേറ്റ് അംഗങ്ങളാണ്. ആ സിൻഡിക്കേറ്റ് അംഗങ്ങൾ തന്നെ നേതൃത്വം കൊടുക്കുന്ന അവരുടെ കുടുംബ ട്രസ്റ്റു കൾക്കാണ് കോളേജ് അനുവദിക്കുന്നത്. ഞാൻ അവരുടെ പേരുക ളൊന്നും പറയുന്നില്ല. സർവ്വകലാശാലകളുടെ സിൻഡിക്കേറ്റ് അംഗങ്ങ ളായ ആളുകൾ അന്വേഷിക്കാൻ പോകുന്നു. അന്വേഷിക്കാൻ പോകുന്ന ആളുകൾക്ക് തന്നെ സർവ്വകലാശാലയിൽ കോളേജുകൾ അനുവദിക്കു ന്നു. അതിന്റെ ഭാഗമായിട്ടുള്ള ആക്ഷേപവും വിമർശനവും സമൂഹ ത്തിൽ വരികയാണ്. അതേപോലെതന്നെ അപേക്ഷിക്കാൻ തയ്യാറല്ലാത്ത

സമയത്ത്, കൃത്യസമയത്ത് അപേക്ഷ കൊടുക്കാത്ത കോളേജിന് ധൃതിപിടിച്ച്....... ഇവിടെ എഞ്ചിനീയറിംഗ് കോളേജ് ഇല്ലാത്തതുകൊണ്ടാണോ; എത്ര സീറ്റുകളാണ് ഒഴിഞ്ഞുകിടക്കുന്നത്. അൽ-ഹിന്ദ് കോളേജിന് ഇക്കൊല്ലംതന്നെ എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിട്ടില്ലെങ്കിൽ ആകാശം പൊട്ടിച്ചാടുമോ? യഥാർത്ഥത്തിൽ അൽ-ഹിന്ദ് കോളേജ് അപേക്ഷ കൊടുക്കുന്നത് 21.01.2012 -നാണ്. ഞാൻ ഉത്തരവാദിത്തബോധത്തോടെ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മുന്നിലാണ് പറയുന്നത്. ഞാൻ ഉന്നയിക്കുന്ന വിമർശനങ്ങൾ ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. 2012 ജനുവരി മാസം 21-ാം തീയതിയാണ് അൽ-ഹിന്ദ് കോളേജ് ചെല്ലാൻ അടയ്ക്കുന്നത്. ചെല്ലാനടച്ചാൽ മാത്രമേ അപേക്ഷാ ഫാറം കിട്ടുകയുള്ളൂ. 2012 ജനുവരി മാസം 21-ാം തീയതി ചെല്ലാനടച്ച അൽ-ഹിന്ദ് കോളേജ് അപേക്ഷ കൊടുത്തതായി രേഖകളിൽ കാണുന്നത് 2011 ഡിസംബർ പത്താം തീയതിയാണ്. എങ്ങനെയാണത് സംഭവിക്കുന്നത്; 40 ദിവസം മുമ്പ് അപേക്ഷ കൊടുക്കാൻ ഇവിടെ മജീഷ്യൻ മുതുകാടിന്റെ ഇല്യൂഷൻ നടത്താൻ അൽ-ഹിന്ദ് കോളേജുകാർക്ക് സാധിക്കുമോ? എങ്ങനെയാണ് സാധിക്കുന്നത്? സർവ്വകലാശാലയുടെ രജിസ്ട്രാർ ഓഫീസിൽ അക്കാദമിക് സെക്ഷനിൽ ഈ എറർ കണ്ടെത്തുകയാണ്. 40 ദിവസം പുറകിലുള്ള ഈ അപേക്ഷാഫാറം വച്ചത് കൃത്രിമമാണെന്ന് കണ്ടെത്തിയിട്ട് അവിടെ ഇൻസ്പെക്ഷൻ നടത്തേണ്ടതില്ല എന്ന് തീരുമാനിക്കുകയാണ്. ഇൻസ്പെക്ഷൻ നടത്താൻ പാടില്ല എന്ന് രജി

സ്ട്രാർ രേഖാമൂലം എഴുതിക്കൊടുത്തു. രജിസ്ട്രാറുടെ ഈ നിർദ്ദേശം നിലനിൽക്കുമ്പോൾ 17/03/2012-ൽ ഇൻസ്പെക്ഷൻ ടീം പോയി. ഇവിടെ എന്താ വല്ല യുദ്ധകാല പ്രശ്നവുമുണ്ടോ? ഒരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിച്ചില്ലാ എങ്കിൽ ഇവിടെ യുദ്ധസമാനമായ അന്തരീക്ഷം ഉണ്ടാകുമോ? അതിധ്രുതഗതിയിൽ ഇൻസ്പെക്ഷൻ നടത്തി. ആ ഇൻസ്പെക്ഷൻ റെക്കമെന്റ് ചെയ്തു. എന്നിട്ട് ആ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ പറയുന്നത് എ.ഐ.സി.ടി.ഇ.യുടെ സബ്ജക്ട് ടു അപ്രൂവൽ കിട്ടി എന്ന്. എ.ഐ.സി.ടി.ഇ. അന്വേഷിച്ചിട്ടില്ല, കണ്ടെത്തിയിട്ടുമില്ല. അത്ര ധൃതിപിടിച്ച് അൽ-ഹിന്ദ് കോളേജിന് അനുമതി കൊടുക്കുകയാണ്. ആ തീരുമാനം 17/03/2012-ന് റെക്കമെന്റേഷൻ കൊടുക്കുന്നു, 31/03/2012-ന് അത് സിൻഡിക്കേറ്റ് അംഗീകരിച്ച് പാസ്സാക്കുന്നു. എന്തിനാണ് ഇത്ര ധൃതിപിടിച്ച് കാര്യങ്ങൾ ചെയ്യുന്നത്? സർവ്വകലാശാലകളുടെ അക്കാദമിക് താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നിങ്ങൾ ഈ കാര്യങ്ങളെല്ലാം നീക്കുന്നതെങ്കിൽ ഇങ്ങനെ ധൃതിപിടിച്ച് കാര്യങ്ങൾ ചെയ്യേണ്ടതുണ്ടോ? അതുമാത്രമല്ല ഇവിടെ മാർക്കുദാനത്തിന്റെ കൂടെ ഉയർന്നുവരുന്ന മറ്റൊരു പ്രശ്നമാണ് 43 വർഷമായി ഫലപ്രദമായി പ്രവർത്തിക്കുന്ന കോഴിക്കോട് സർവ്വകലാശാലയിലെ പരീക്ഷാഭവൻ. അവിടെ യൂണിയൻ സിറ്റി ആണെന്ന ആക്ഷേപം ഉയർന്നുവന്നു. ആ ആക്ഷേപത്തോട് എനിക്കും ഒരൽപ്പം യോജിപ്പുണ്ട്. പരിധിവിട്ട രാഷ്ട്രീയവൽക്കരണവും പരിധിവിട്ട യൂണിയൻ ആക്ടിവിറ്റീസും

കൊണ്ട് അൽപ്പം നശിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനവുമാണ്. ഞാൻ അതിനോട് യോജിക്കുന്നു. അത് പരിശോധിക്കപ്പെടണം. ഈ ആക്ഷേപമെല്ലാം സർവ്വകലാശാലയിൽ നിലനിൽക്കുമ്പോഴും യഥാർത്ഥത്തിൽ അഴിമതിയുടെ ആക്ഷേപം അവിടെ ഉയർന്നുവരാറില്ല. ഒരു യൂണിയനിലുള്ള ജീവനക്കാരും അഴിമതിക്കാരോ, പണം വാങ്ങുന്നവരാണോ എന്നുള്ള ആക്ഷേപം ഇന്നേവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് കോഴിക്കോട് സർവ്വകലാശാലയുടെ പരീക്ഷാഭവൻ ഉത്തമമായ ഒരു മാതൃകയായാണ് കണക്കാക്കപ്പെടുന്നത്. ആ പരീക്ഷാഭവനിൽ കൈക്കൂലിക്കാർക്ക് ഇഴഞ്ഞുകയറാൻ സിൻഡിക്കേറ്റിന്റെ കാലത്ത് സാധിച്ചു. കരുണാ മെഡിക്കൽകോളേജിൽ കോപ്പിയടിച്ച 38 കുട്ടികളെ സഹായിക്കാൻ വേണ്ടുന്ന തീരുമാനം എടുത്തതിന്റെ ഭാഗമായി ഒരു മെസേജ് താഴേയ്ക്ക് പോയി. പരീക്ഷാഭവനിൽ പോയി പൈസ കൊടുത്താൽ ജയിക്കാൻ പറ്റും. കരുണാ മെഡിക്കൽകോളേജിൽ തോറ്റ രണ്ടുകുട്ടികളെ ജയിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ട് രക്ഷിതാക്കൾ സർവ്വകലാശാലയിലെ പരീക്ഷാവിഭാഗത്തിലെ അബ്ദുൾ ജമാലിനെ സമീപിച്ചു. അബ്ദുൾ ജമാലിന്റെ പരാതി ഇന്ന് സർവ്വകലാശാലയുടെ പരിഗണനയിലുണ്ട്. ആ പരാതി കേട്ടപ്പോൾ ജമാലിനെ ആ പ്രദേശത്തുനിന്ന് മാറ്റുകയാണ് ചെയ്തത്. അദ്ദേഹം ഇപ്പോൾ മനുഷ്യാവകാശ കമ്മീഷനിൽ പരാതിയുമായി പോയിരിക്കുകയാണ്. അഴിമതിക്ക് വിധേയനാകാത്ത ഒരു ഉദ്യോഗസ്ഥനുമേൽ നടപടി എടുക്കാൻ ശ്രമിക്കുന്ന ഒരു സർവ്വകലാശാല സിൻഡിക്കേറ്റാണ്. അതുമാത്ര

മല്ല സിൻഡിക്കേറ്റ് എങ്ങനെയാണ് ഇത്തരം അക്കാദമിക് കാര്യങ്ങൾ തീരുമാനിക്കുക? 13/01/2012-ൽ വി.സി.മാരുടെ യോഗത്തിൽ നിർണ്ണായക മായ ഒരു തീരുമാനം എടുത്തു. അക്കാദമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും എടുക്കേണ്ട തീരുമാനമാണ് അവർ എടുക്കുന്നത്. പരീ ക്ഷാ ചുമതല വികേന്ദ്രീകരിച്ചിരിക്കുകയാണ്. □സി.ബി.എസ്.ഇ.യോട് തോൽക്കുന്ന എസ്.എസ്.എൽ.സി.□ എന്ന ഒരു ലേഖനം മാതൃഭൂമി ആഴ്ചപ്പതിപ്പ് കഴിഞ്ഞയാഴ്ച പ്രസിദ്ധീകരിച്ചു. അതിന് സമാനമായ, സ്വാ ശ്രയകോളേജുകളോട് തോൽക്കുന്ന കോഴിക്കോട് സർവ്വകലാശാലയിലെ കുട്ടികൾ ഇനി വരാൻ പോകുകയാണ്. പരീക്ഷാനടത്തിപ്പ് സ്വാശ്രയ കോളേജുകൾക്ക് വികേന്ദ്രീകരിച്ചുകൊടുക്കുവാനും പരീക്ഷ നടത്തി സർവ്വകലാശാലയുടെ സൈറ്റിലേയ്ക്ക് അപ്ലോഡ് ചെയ്താൽ മതി എന്നൊരു തീരുമാനവും എടുത്തിരിക്കുകയാണ്. എങ്ങനെയാണ് ഒരു സർവ്വകലാശാലയുടെ പരീക്ഷാ വിഭാഗത്തിന്റെ ചുമതല സ്വകാര്യ കോളേ ജുകൾ നടത്തിയിട്ട് സർവ്വകലാശയിലേയ്ക്ക് അപ്ലോഡ് ചെയ്താൽ മതി യെന്ന അറിയിപ്പുകൊടുക്കുന്നത്. ആർക്കുവേണ്ടിയാണ് ഈ തീരുമാനം? സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലും സെനറ്റും ഉൾപ്പെടെയു ള്ള സംഘങ്ങൾ ഇതിനെക്കുറിച്ച് ചർച്ച ചെയ്തോ? ചർച്ച ചെയ്തിട്ടില്ല. അങ്ങനെ ചർച്ച ചെയ്യാതെ ഇത്തരം കാര്യങ്ങൾ നീക്കുന്നത് വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണത്തിന് സഹായകരമായ സമീപനം സ്വീകരി ക്കുവാനാണ്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത് ബനാറസ് ഹിന്ദു

യൂണിവേഴ്സിറ്റിയുടെയും അലിഗഢ് യൂണിവേഴ്സിറ്റിയുടെയും തക്ഷശിലയുടെയും നളന്ദയുടെയും പാരമ്പര്യം ഉള്ള ഒരു നാട്ടിൽ ഇങ്ങനെ സർവ്വകലാശാലകളെ കുത്തഴിഞ്ഞ പാഠപുസ്തകം പോലെ ആക്കിത്തീർക്കുന്ന ഈ വൃത്തികേടിന് കൂട്ടുനിൽക്കുന്ന സമീപനം നിങ്ങൾ സ്വീകരിക്കാൻ പാടില്ല. അതു നിങ്ങൾ അവസാനിപ്പിക്കണം. സിൻഡിക്കേറ്റ് അംഗങ്ങൾക്ക് പരിശോധിക്കാൻ അവസരം കൊടുക്കുകയാണ്. ഈ നിലയിൽ വിവിധ ആക്ഷേപങ്ങൾ ഉയർന്നുവരുന്ന കൂട്ടത്തിലാണ് നിയമനത്തിന്റെ ആക്ഷേപങ്ങൾ ഉയർന്നുകേൾക്കുന്നത്. തൊഴിൽദാനത്തെക്കുറിച്ച് കേൾക്കുന്നു. സർവ്വകലാശാലകളുടെ നിയമനം പി.എസ്.സി.ക്ക് വിടണം. എൽ.ഡി.എഫ്.-ന്റെ ക്യാബിനറ്റ് തീരുമാനിച്ചിരുന്നതാണ്. എൽ.ഡി.എഫ്.-ന്റെ ക്യാബിനറ്റിന്റെ തീരുമാനം നടപ്പാക്കാൻ നിയമനിർമ്മാണം കൊണ്ടുവരികയും അതിന്റെ സബ്റൂൾസ് ഉണ്ടാക്കാൻ പി.എസ്.സി.-യെ ഏൽപ്പിക്കുകയുമല്ലേ യഥാർത്ഥത്തിൽ നിങ്ങൾ ചെയ്യേണ്ടത്? നിങ്ങൾ എന്താണ് ചെയ്തത്? അവിടെ നിലവിലുള്ള റാങ്ക് ലിസ്റ്റിലുള്ള ആയരിക്കണക്കിനാളുകളിൽ 350 ആളുകളെ ഒരു ദിവസം വിളിച്ച് ഇന്റർവ്യൂ നടത്തിക്കൊണ്ടിരിക്കുകയാണ്. 350 പേരെ ഒരു ദിവസം ഇന്റർവ്യൂ നടത്തുന്നത് എന്തിനാണ്; എന്തെങ്കിലും മാജിക് പ്രവർത്തനവും അവിടെ നടക്കുന്നുണ്ടോ? ആ ഇന്റർവ്യൂ നടത്തിയിട്ട് ആരെയാണ് എടുക്കാൻ പോകുന്നതെന്ന് മുൻകൂട്ടി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എങ്ങനെയാണ് സർവ്വകലാശാലയുടെ ഉന്നത സമിതികളിൽ ഇരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥന്മാർ ക്യാബിനറ്റ് തീരുമാ

നത്തിന് വിരുദ്ധമായി ഇതിന് കൂട്ടുനിൽക്കുന്നത്? ക്യാബിനറ്റിന്റെ തീരുമാനം സർവ്വകലാശാല നിയമനം പി.എസ്.സി.ക്ക് വിടണം എന്നുള്ളതാണല്ലോ. ഈ തീരുമാനം നിലനിൽക്കെ ക്യാബിനറ്റ് ആ തീരുമാനം റദ്ദ് ചെയ്തിട്ടുണ്ടോ? ക്യാബിനറ്റ് റദ്ദ് ചെയ്യാതെ എങ്ങനെയാണ് സർവ്വകലാശാലയുടെ ഭരണത്തിൽ ഇരിക്കുന്ന, ഗവൺമെന്റിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ചുമതലയുള്ള ഉദ്യോഗസ്ഥൻമാർക്ക് ഈ സമീപനം സ്വീകരിക്കുവാൻ പറ്റുക? ഈ തീരുമാനം നിലനിൽക്കുമ്പോൾ സർക്കാർ പ്രതിനിധികൾക്ക് സമീപനം തുടരാൻ പാടുണ്ടോ? നിയമന രംഗത്തും ഇതേ സമീപനം സ്വീകരിക്കുകയാണ്. പരീക്ഷാ പുന:സംഘടന സ്വാശ്രയ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് നീങ്ങുന്നതുപോലതന്നെ വിവിധ മേഖലകളിൽ കൺട്രോളറുടെ ചുമതല ജോയിന്റ് കൺട്രോളർമാരെ എൽപ്പിച്ചുകൊടുക്കുന്ന സമ്പ്രദായം വരികയാണ്. പൊതുവെ നിലവാരം കുറഞ്ഞ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നിലവാരം കുറഞ്ഞ അക്കാദമിക് സമൂഹത്തിന്റേയും ഒരു പ്രതീകമായി, ഒരു ലക്ഷണമായി കേരളം ഇതിന്റെ ഭാഗമായി മാറാൻ പോകുകയാണ്. ‘നോ വേക്കൻസി’ ബോർഡുകൾ ഉണ്ടാകുന്നതുപോലെ കേരളത്തിൽ നിന്ന് പഠിച്ചുപോകുന്ന കുട്ടികൾ ലോകത്തെവിടെയെങ്കിലും ജോലിക്കുപോയാൽ ‘നോ കേരളൈറ്റ്സ്’ എന്ന് ബോർഡ് വയ്ക്കുന്ന ഗതികേടിലേയക്കാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തെ കൊണ്ടുപോകുന്നത്.

ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ നടത്താൻ കഴിവില്ലാത്ത, രാഷ്ട്രീയ താൽപ്പര്യത്തിൽ മാത്രം സ്ഥാപനങ്ങൾ വരുന്ന, മറ്റെല്ലാ കച്ചവടവും പൂട്ടി പ്പോകുമ്പോൾ വിദ്യാഭ്യാസ കച്ചവടം നടത്താം എന്നുകരുതുന്ന ആളു കൾക്ക് സഹായകരമായ അവരുടെ ഏജന്റുമാരായി ജോലിചെയ്യുന്നവരെ സർവ്വകലാശാല ഭരിക്കാൻ ഏൽപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ ദുര വസ്ഥ വരാൻ പോകുന്നത്. ഈ ദുരവസ്ഥ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണമായി തകർച്ചയിലേയ്ക്ക് നയിക്കും. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഏറ്റവും മനോഹരമായി നാം മോൾഡ് ചെയ്തു കൊണ്ടുവരേണ്ട, വളർത്തിക്കൊണ്ടുവരേണ്ട ഒരു സാഹചര്യ ത്തിൽ ലോകത്താകമാനം സർവ്വകലാശാലകളുടെ ജനാധിപത്യവൽക്കണ ത്തെക്കുറിച്ചുള്ള വലിയ പ്രതീക്ഷകളോടെ നിൽക്കുന്ന സാഹചര്യത്തിൽ ഇത്രമാത്രം കലുഷിതമായ രാഷ്ട്രീയവൽക്കരണത്തിലേയ്ക്ക് സർവ്വകലാ ശാലയെ വലിച്ചിഴയ്ക്കുന്ന ഈ ഭേദഗതികൾ ഒരു കാരണവശാലും അംഗീകരിക്കില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇത് പൊതുജനസമക്ഷത്തിൽ ചർച്ചയ്ക്കും സംവാദത്തിനും വിധേയമാക്കണമെന്നും പറഞ്ഞുകൊണ്ട് ഞാൻ ശക്തമായി ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, നമ്മുടെ സർവ്വകലാശാല നിയമങ്ങളിൽ ഈ ഭേഗതികൾ ഔപചാരികമായി അവതരിപ്പിക്കുകയാണ്. സർവ്വകലാശാല വിദ്യാഭ്യാസരംഗത്ത് ലോകത്തെമ്പാടും നടക്കുന്ന ഒരു ചലനമാണ് ഹയർ എഡ്യൂക്കേഷനും യൂണിവേഴ്സിറ്റി എഡ്യൂക്കേഷനും. ഈ രണ്ട് രംഗത്തും വളരെ ഉന്നതമായ സമീപനങ്ങൾ വേണമെന്നും നമ്മുടെ ഹ്യൂമൻ ക്യാപ്പിറ്റൽ, ഇന്റലക്ച്വൽ ക്യാപ്പിറ്റൽ, കൾച്ചറൽ ക്യാപ്പിൽ, ലൈഫ് സ്കിൽ സോഷ്യൽ സ്കിൽസായി വളർത്തിയെടുക്കാനുള്ള വളരെ സമഗ്രമായ പര്യാലോചനകൾ ലോകത്ത് നടക്കുന്ന ഒരു സമയത്ത് കേരളത്തിലെ പ്രധാന നാല് സർവ്വകലാശാലകളുടെ നിയമങ്ങളിൽ നേരിയ വ്യത്യാസങ്ങൾ വരുത്തിക്കൊണ്ട് ഗുണപരമായ ഒരു തുടക്കത്തിനാണ് ഈ ഭേദഗതികൾ ഇടവച്ചിട്ടുള്ളത് എന്ന് കാണാൻ കഴിയും. അക്കാദമിക് രംഗത്ത് നമ്മുടെ വലിയ വലിയ പ്രൊഫസർമാരുടെ സേവനങ്ങൾ യൂണിവേഴ്സിറ്റിതലത്തിൽ 60 വയസ്സുവരെ എല്ലാ സർവ്വകലാശാലകളും ഉറപ്പുവരുത്തുന്ന ഒരു നീക്കം ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ് എന്ന മട്ടിൽ ഇവിടെ വിശദീകരിക്കുന്നത് വളരെ അനുചിതമാണെന്നാണ് എനിക്ക് പറയാനുള്ളത്. വൈക്കം മുഹമ്മദ് ബഷീർ പലപ്പോഴും തന്റെ കഥകളിൽ ഒരു നീർക്കോലിയെ നീർനാഗം എന്ന് വിളിക്കാറുണ്ട്. ആനവാലിനെ ആനപ്പൂട എന്ന് ബഷീർ വിളിച്ച് ആക്ഷേപിക്കാറുണ്ട്. ഈ രീതിയിൽ നമുക്ക് വലിയ വലിയ കാര്യ

ങ്ങളെ ചെറുതായി കാണാനും ചെറിയ ചെറിയ കാര്യങ്ങളെ വലുതായി കാണാനും ശ്രമിക്കുന്നത് വ്യക്തിപരമായ മിടുക്ക് എന്നതിനപ്പുറം കേരളീയ സമൂഹം ഈ ഭേദഗതികളെ ഒരിക്കലും തെറ്റായ ഒരു നീക്കമായി വിലയിരുത്തുകയില്ല എന്നാണ് എന്റെ അഭിപ്രായം. ഇവിടെ എന്താണ് നടക്കുന്നത്? ഭേദഗതികൾ കൊണ്ടുവരുമ്പോൾ നമ്മുടെ സർവ്വകലാശാലകളെ ദേശീയ തലത്തിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം ഉണ്ടെന്ന് ശ്രദ്ധിച്ചുനോക്കിയാൽ കാണാൻ കഴിയും. നമ്മുടെ രാജ്യം സാം പിട്രോഡ കമ്മീഷൻ, നോളജ് കമ്മീഷൻ, നാരായണ മൂർത്തി കമ്മിറ്റി, യശ്പാൽ കമ്മിറ്റി- ഉന്നതവിദ്യാഭ്യാസരംഗത്ത് ഇവർ നൽകിയ നിർദ്ദേശങ്ങൾക്കനുസൃതമായി ഉന്നതവിദ്യാഭ്യാസരംഗവും അഴിച്ചുപണിക്ക് വിധേയമാക്കുന്ന ഒരു ദേശീയതാൽപ്പര്യം നിലനിൽക്കുമ്പോൾ ആ ദേശീയ താൽപ്പര്യത്തിന് സഹായകമാകുംവിധം കേരളത്തിലെ സർവ്വകലാശാലാ നിയമങ്ങളിൽ സമഗ്രമായ മാറ്റം വരുത്താൻ പറ്റുമെന്ന നിലയ്ക്കായിരിക്കും ഈ ഭേദഗതികളെ കേരളം കാണുക എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇന്ന് നാം ശ്രദ്ധിച്ചാൽ അറിയാം സർവ്വകലാശാലകളിൽ പഠനത്തിനെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയ പെരുപ്പമുണ്ട്. ക്വാണ്ടിറ്റേറ്റീവ് ആയൊരുമാറ്റം ആണത്. എന്നാൽ ആ രംഗത്ത് മികവിന്റേയും നിലവാരത്തിന്റേയും കാര്യത്തിൽ കൂടി ശ്രദ്ധിച്ചുകൊണ്ട് മാത്രമേ ഈ ക്വാണ്ടിറ്റേറ്റീവ് വളർച്ച ഉണ്ടാകാവൂ എന്ന് പറയുന്ന നിർദ്ദേശം ഏതെങ്കിലും ഒരു പക്ഷത്തിന്റേതല്ല. അത് സഭയുടെ മൊത്തം വികാരമാണ്. അതുകൊണ്ട്

ആ രീതിയിൽ പക്ഷപാതപരമായി ഒരു രാജ്യത്തിന്റെ വികസനവും വളർച്ചയുമായി ബന്ധപ്പെട്ട ഒരു വിഷയത്തെ കക്ഷിരാഷ്ട്രീയത്തിന്റെ നാലുകെട്ടിനുള്ളിൽ ഒതുക്കി നിർത്തുന്ന പ്രവണതയോട് നമുക്ക് പൊരുത്തപ്പെടാനാവില്ല എന്ന് വിനയത്തോടുകൂടി പറയാൻ ആഗ്രഹിക്കുന്നു. നമുക്ക് മൗലികമായ ഒരുപാട് വിഷയങ്ങളുണ്ട്. അത് സർവ്വകലാശാല നിയമം ഭേദഗതി ചെയ്യുമ്പോൾ പരിഗണിക്കേണ്ട കാര്യങ്ങളാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് എൻറോൾ ചെയ്യപ്പെടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ നാം മൂന്നാം സ്ഥാനത്താണെന്ന് മനസ്സിലാക്കണം. ഒന്നാം സ്ഥാനത്ത് ചൈനയും രണ്ടാം സ്ഥാനത്ത് യു.എസ്-ഉം ആണ്. നമ്മുടെ ഇന്ത്യൻ പാരമ്പര്യം നളന്ദയുടെയും തക്ഷശിലയുടെയും പാരമ്പര്യമാണ്. നമ്മുടെ നാട്ടിലാണെങ്കിൽ സ്വാതന്ത്ര്യാനന്തരം ജനായത്തസംവിധാനം വന്നിട്ടുണ്ട്. അതുകൊണ്ട് ചൈനയ്ക്ക് മുമ്പ് വരേണ്ടതാണ് നമ്മുടെ രാജ്യം. അവിടെ എല്ലാക്കാലത്തും ഏകാധിപത്യത്തിന്റെ ഒരു ഛായ ഉണ്ടായിരുന്നതായി നമുക്കറിയാം. നമ്മുടെ നാട്ടിൽ അങ്ങനെ അല്ല ഏറ്റക്കുറച്ചിലുകളോടെ ജനായത്തസംവിധാനം പരിപോഷിപ്പിക്കപ്പെട്ട ഒരു രാജ്യമാണ്.  നളന്ദയുടെയും തക്ഷശിലയുടെയും പാരമ്പര്യമുള്ള ഒരു രാജ്യമാണ്. ആ രാജ്യത്ത് നമ്മൾ മൂന്നാം സ്ഥാനത്ത് നിൽക്കുന്നു എന്ന ഹൃദയഭേദകമായ കാര്യം ഈ സഭ ഗൗരവത്തോടുകൂടി കാണേണ്ടതാണ് എന്നാണ് എന്റെ വിനീതമായ അഭിപ്രായം.  നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, എൻറോൾമെന്റ് കാര്യത്തിൽ  വെറും 13 ശതമാനമാനം മാത്ര

മുള്ള നമ്മുടെ രാജ്യത്തിന്റെ സ്ഥാനം ലോവർ/മിഡിൽ ഇൻകം ഗ്രൂപ്പ് രാജ്യങ്ങളുടെ കൂടെയാണ് എന്നതാണ്. ലോക ശരാശരി 23 ശതമാനമാണ്. യു.എസ്.എ.യിലും യൂറോപ്യൻ നാടുകളിലും ഇത് 40-50 ശതമാനം വരെ എത്തുന്നുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ലോക ശരാശരി 23 ശതമാനമായി നിൽക്കെ നമ്മുടേത് 13 ശതമാനം മാത്രമാണ് എന്ന് മനസ്സി ലാക്കുമ്പോൾ, നമ്മൾ എല്ലാവരും ചേർന്ന് നമ്മുടെ യൂണിവേഴ്സിറ്റി നിയ മങ്ങളെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ചാലക ശക്തിയാക്കി മാറ്റാൻ സഹായകമാകുമാറ് ഉണർന്നു പ്രവർത്തിക്കേണ്ട വേളയിൽ ഒറ്റപ്പെട്ട സംഭ വങ്ങൾ ഊതിവീർപ്പിച്ച് ഒരു സംസ്ഥാനത്തിലെ യുവജനങ്ങളുടെ മുന്നേറ്റ ത്തിനു തടസ്സം സൃഷ്ടിക്കുന്നതും സംശയമുണ്ടാക്കുന്നതും നീതീകരിക്കാ നാവില്ല. അവികസിത രാജ്യങ്ങളിൽ ഉന്നതവിദ്യാഭ്യാസ ശരാശരി 11 ശത മാനമാണ്. അതിന്റെ അർത്ഥം 13 ശതമാനം എന്നത് അവികസിത രാജ്യ ങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ വ്യത്യാസമില്ല എന്നാണ്. നമുക്ക് ഇതിൽ മികവ് പുലർത്തിയേ മതിയാവു. ഒരു കാര്യം ശ്രദ്ധിക്കാനു ള്ളത് 18 വയസ് മുതൽ 24 വയസുവരെയുള്ളവരിൽ - അതാണല്ലോ ഏറ്റവും ക്രീമിലെയറായ സമയം - ഹയർ എഡ്യൂക്കേഷനുവരുന്ന ഇന്ത്യാ ക്കാരുടെ എണ്ണം 7 ശതമാനമാണെന്നതിൽ നമ്മൾ ലജ്ജിക്കണം. ഏഷ്യൻ ശരാശരിയുടെ നേരെ പകുതിയാണ് ഇത് എന്ന് പറയുമ്പോൾ നമ്മുടെ ചിത്രം എത്രമാത്രം ദയനീയമാണെന്ന് ഈ സഭയ്ക്ക് ബോദ്ധ്യപ്പെടും. അതുകൊണ്ട് നമ്മൾ ചർച്ച ചെയ്യേണ്ട വിഷയം എന്താണ് എന്നത് ബഹു

മാനപ്പെട്ട സഭയ്ക്ക് മനസ്സിലാകാതെ പോകില്ല എന്നാണ് എന്റെ വിശ്വാസം. മറ്റൊരു കാര്യം ശ്രദ്ധിക്കാനുള്ളത് ടോട്ടൽ എൻറോൾമെന്റിൽ 85 ശതമനവും അണ്ടർ ഗ്രാഡ്വേറ്റ് പഠനത്തിന് വരുന്നവരാണ്, ഏറ്റവും പ്രധാനപ്പെട്ട വിഷയം അതാണ്. നമ്മൾ ലോകത്തിന്റെ നെറുകയിലേയ്ക്ക് വരണമെങ്കിൽ പി.ജി.-ഡോക്ടേറിയൽ ലെവലുകളിലാണ് നമുക്ക് വളർച്ചയുണ്ടാകേണ്ടത്. എന്നാൽ എൻറോൾ ചെയ്യപ്പെടുന്ന നമ്പേഴ്സിൽ 85 ശതമാനവും അണ്ടർ ഗ്രാഡ്വേറ്റ്സാണെന്ന വളരെ സംഭ്രമജനകമായ സാഹചര്യം നമ്മുടെ രാജ്യത്ത് നിലനിൽക്കുകയാണ്. മറ്റൊരു കാര്യം ഡോക്ടറേറ്റ് എടുക്കുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവ് ശതമാന നിര ക്കിൽ പരിശോധിച്ചാൽ തീരെ ആശാസ്യമല്ല, നിർഭാഗ്യകരമാണ്. ഡോക്ടറേറ്റ് എടുക്കുന്നവരുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ ശതമാ നം നമ്മുടെ നാട്ടിൽ 20 ശതമാനമായി നിൽക്കുമ്പോൾ ചൈനയിൽ അത് 85 ശതമാനമാണ്. അതുകൊണ്ട് ഈ രംഗത്ത് നമുക്ക് വേണ്ടത് വിഭവസ മാഹരണമാണ്. നമ്മൾ ശാഠ്യങ്ങളെ ദുശ്ശാഠ്യങ്ങളായും ദുശ്ശാഠ്യങ്ങളെ പ്രാസ്ഥാനികമായ വെല്ലുവിളികളായും കാണുന്നതിനു പകരം നമ്മുടെ രാജ്യത്തിന്റെയും യുവജനങ്ങളുടെയും താല്പര്യം മുൻനിറുത്തി കക്ഷിരാ ഷ്ട്രീയത്തിന്റെ നാലുകെട്ടിന് പുറത്തുവന്ന് ഈ രാജ്യത്തെയും നമ്മുടെ സംസ്ഥാനത്തെയും വളർച്ചയിലേയ്ക്ക് കൊണ്ടുവരുവാൻ ശ്രമിക്കേണ്ടതു ണ്ട്. നമ്മുടെ ജി.ഡി.പി.യുടെ 0.7 ശതമാനമാണ് ഹയർ എഡ്യുക്കേഷന് ഇത:പര്യന്തം നീക്കിവച്ചിട്ടുള്ളത്. അത് 1.5 ശതമാനമാക്കാൻ 12-ാം പഞ്ച

വൽസര പദ്ധതിയുടെ കാലത്ത് ദേശീയ സർക്കാർ ലക്ഷ്യം വയ്ക്കുന്നുവെന്ന് നമുക്കറിയാം. അതുകൊണ്ട് നമ്മുടെ എല്ലാ വിഭവങ്ങളും അത് ഗവൺമെന്റ് വിഭവമായാലും സ്വകാര്യ വിഭവമായാലും അതെല്ലാം ശേഖരിച്ച് നമ്മുടെ രാജ്യത്തെ ലോകത്തിന്റെ മുൻനിരയിൽ കൊണ്ടുവരുന്നതിനുവേണ്ടി ഹയർ എഡ്യൂക്കേഷൻ രംഗത്ത് വമ്പിച്ച ശ്രമം നടക്കേണ്ട കാലമാണ്. എന്നാൽ ഒരു കാര്യം പറയേണ്ടിയിരിക്കുന്നു. ഹയർ എഡ്യൂക്കേഷൻ രംഗത്ത് വരുന്നവരുടെ മൊത്തം എണ്ണം പരിശോധിച്ചാൽ ഭൂരിപക്ഷവും അവരുടെ സോഷ്യൽ സ്റ്റാറ്റസ് താഴെത്തട്ടിലുള്ളവരോ ഇടത്തട്ടുകാരോ അല്ല എന്നതാണ്. നമ്മുടെ നാട്ടിൽ നിലനിന്ന സാമൂഹിക ചിത്രമനുസരിച്ച് ആ രംഗത്ത് ഇപ്പോഴുള്ളവരിൽ മഹാഭൂരിപക്ഷം താഴെത്തട്ടിലുള്ളവരല്ല, ഇടത്തട്ടുകാരല്ല. അതുകൊണ്ട് താഴെത്തട്ടുകാരെ ഇടത്തട്ടുകാരാക്കി മാറ്റാൻ ഇടത്തട്ടുകാർക്ക് മതിയായ അവസരം കൊടുക്കുവാനും ഈ രാജ്യം മുന്നോട്ട് വന്നേ മതിയാവൂ. അതിനനുസൃതമായ നടപടികൾ എടുക്കാൻ നമുക്ക് ബാധ്യതയുണ്ട്. പാവപ്പെട്ട ജനങ്ങൾ, ചരിത്രപരമായ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ടുപോയ ജനങ്ങൾ, ഗ്രാമീണർ, തീരദേശവാസികൾ, മലമ്പ്രദേശങ്ങളിൽ താമസിക്കുന്നവർ, സ്ത്രീകൾ-അവരുടെ കാര്യത്തിൽ നമ്മുടെ രാജ്യവും നമ്മുടെ സംസ്ഥാനവും മുന്നിൽ നിന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ഭാഗ്യത്തിന് ഈ രംഗത്ത് മൻമോഹൻ സിംഗ് സർക്കാർ വന്നതിനുശേഷം സാംപിത്രോദയും യശ്പാൽ കമ്മിറ്റിയും നാരായണമൂർത്തി കമ്മിറ്റിയും നൽകിയ നിർദ്ദേശ

ങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യത്ത് പുത്തനുണർവിന്റെ കുത്തൊഴുക്ക് കാണാനുണ്ട് എന്നത് ആശ്വാസകരമാണ്. അത് പ്രോൽസാഹിപ്പിക്കേണ്ട നേരത്ത് കുത്തുവാക്കുകൾ പറഞ്ഞ് ഈ മഹായജ്ഞത്തെ തടസ്സപ്പെടുത്ത രുതെന്ന് ഈ സഭയോട് ഞാൻ വിനയത്തോടുകൂടി അപേക്ഷിക്കുന്നു. ഈ രംഗത്ത് ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. ലോകത്ത് ഇന്ന് യു.എ സ്.നും ചൈനയ്ക്കും പിന്നിൽ നമ്മൾ മൂന്നാം സ്ഥാനത്തോ നാലാം സ്ഥാനത്തോ ആണ്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് വളരെ യേറെ പിന്നോക്കമായിരുന്ന മലബാറിൽ ആദ്യമായി കോഴിക്കോട് യൂണി വേഴ്സിറ്റി അനുവദിച്ചത് ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങ യുടെ നേതാവ് സി.എച്ച്.മുഹമ്മദ് കോയ ഉള്ളപ്പോഴാണ്. യൂണിവേഴ്സിറ്റി കാര്യങ്ങളിൽ ഞങ്ങൾ നെഗറ്റീവാകുന്ന കാര്യമില്ലെന്നു മാത്രമല്ല പിന്നോക്ക വിഭാഗങ്ങൾക്ക് യൂണിവേഴ്സിറ്റി അനുവദിച്ച പാരമ്പര്യം ഇട തുപക്ഷത്തിനുണ്ടായിരുന്ന കാര്യം മറന്നുകൊണ്ട് അങ്ങ് കുത്തു വാക്കിന്റെ കാര്യം പറയുന്നത് ശരിയാണോ?

<u>ശ്രീ. ടി.എ.അഹമ്മദ് കബീർ</u> : അതിൽ ഒരു കാര്യം മനസ്സിലാക്കേണ്ടത് എന്റെ നേതാവ് സി.എച്ച്. മുഹമ്മദ് കോയ സാഹിബ് കേരളത്തിൽ ആദ്യ മായി മന്ത്രിസഭയിൽ വന്നപ്പോൾ ചെയ്തത് പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കി എന്നതാണ്. എല്ലാ പഞ്ചായത്തിലും ഹൈസ്ക്കൂൾ വേണം എന്ന് അദ്ദേഹം തീരുമാനിച്ചപ്പോൾ അന്ന് മുഖ്യമന്ത്രി ഇ.എം.

എസ്. ആണെന്ന് പറയാൻ ഞങ്ങൾക്ക് ഒരു ആക്ഷേപവുമില്ല. പക്ഷേ സി. എച്ച്. മുഹമ്മദ് കോയ സാഹിബ് സാർവ്വത്രികമായ വിദ്യാഭ്യാസം ഉണ്ടാക്കിതയതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഊന്നൽ കൊടുക്കാനുള്ള പരിപാടികളുമായി മുന്നോട്ട് പോവുകയായിരുന്നു. അന്ന് കേരളത്തിൽ ഒരു സർവ്വകലാശാലയേയുള്ളു. ആ സർവ്വകലാശാല സി.എച്ച്. മുഹമ്മദ് കോയയെപ്പോലെ ഭാവനാസമ്പന്നനായ ഒരാളും വിദ്യാഭ്യാസ താല്പര്യമുള്ള ഇ.എം.എസ്.നെപ്പോലെ ഒരാളും കേരള സർവ്വകലാശാലയുടെ വിഭജനം അനുപേക്ഷണീയമാണെന്ന് തീരുമാനിച്ചത് അന്നത്തെ ആവശ്യമായിരുന്നു. മോഡേൺ കൺസെപ്റ്റ് എന്താണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാമല്ലോ; സർവ്വകലാശാലകൾ ഇന്നത്തെ കോളേജുകളുടെ എണ്ണത്തിന് അനുസൃതമായി വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുസൃതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. സാന്ദർഭികമായി ഞാൻ പറയട്ടെ, നമുക്ക് വേണമെങ്കിൽ കണ്ണൂർ യൂണിവേഴ്സിറ്റി - കാസർഗോഡും കണ്ണൂരും, കാലിക്കറ്റ് യൂണിവേഴ്സിറ്റി- വയനാടും കോഴിക്കോടും, മലപ്പുറവും പാലക്കാടും മറ്റൊരു യൂണിവേഴ്സിറ്റി, തൃശ്ശൂർ അടക്കമുള്ള സ്ഥലങ്ങൾക്കുവേണ്ടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയെ ഒരു അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയാക്കി മാറ്റാവുന്നതേയുള്ളു. ടെക്നിക്കൽ യൂണിവേഴ്സിറ്റിയെക്കുറിച്ച് ആലോചിക്കുന്നുവെന്നുള്ളതുകൊണ്ട് വേണമെങ്കിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയെ മറ്റൊരു യൂണിവേഴ്സിറ്റിയാക്കാം. ഫലത്തിൽ യൂണിവേഴ്സിറ്റികളുടെ എണ്ണം വർദ്ധിക്കും. സെമസ്റ്റർ

ഏർപ്പെടുത്തിയ കാര്യം ഇവിടെ പറഞ്ഞു. സെമസ്റ്റർ ഏർപ്പെടുത്തിയതോടെ യൂണിവേഴ്സിറ്റിയുടെ ഭാരം വർദ്ധിച്ചു. അദ്ധ്യാപകരുടെ ഭാരം വർദ്ധിച്ചു. ജീവനക്കാരുടെ ഭാരം വർദ്ധിച്ചു. അതിന്റെ ഫലമായി പരീക്ഷാ ഫലങ്ങൾ വൈകുന്നു. നമുക്ക് ഒരു അക്കാദമിക് കലണ്ടർ ഇല്ല, ഒരു എക്സാമിനേഷൻ കലണ്ടറില്ല. യൂണിവേഴ്സിറ്റിയെക്കുറിച്ച് ആലോചിക്കുമ്പോൾ ആദ്യം ആലോചിക്കേണ്ട കാര്യം ഇന്ത്യയുടെ നിലവാരാനുസൃതമായി നമുക്കൊരു അക്കാദമിക് കലണ്ടർ ഉണ്ടാകണം എന്നതാണ്. കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു എക്സാമിനേഷൻ കലണ്ടറുണ്ടാകണം, അതിൽ മാറ്റം വരാൻ പാടില്ല. ഇത് നമ്മുടെ ഭാവിയുടെ പ്രശ്നമാണ്. ഈ നാടിന്റെ പ്രശ്നമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യത്തിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് സുവ്യക്തമായ നിലപാടാണുള്ളത്. ഞാൻ പറഞ്ഞു വന്നത് വളരെ മൗലികമായ ഒരു വിഷയമായിരുന്നു. ഇന്ത്യ യു.എസ്.നും ചൈനയ്ക്കും തൊട്ട് പിന്നിലാണ്, മൂന്നാം സ്ഥാനത്ത് അല്ലെങ്കിൽ നാലാം സ്ഥാനത്ത്. ബ്രസീലോ ഇൻഡോനേഷ്യയോ ഇടയ്ക്ക് കയറിവരും. അങ്ങനെ കയറി വരുമ്പോൾ നമ്മൾ നാലാം സ്ഥാനത്ത് പോകും. എന്നാലും നമ്മൾ മൂന്നോ നാലോ സ്ഥാനത്താണ്. സത്യത്തിൽ ഇന്ത്യാക്കാരനെന്ന നിലയ്ക്ക് നമുക്ക് എല്ലാവർക്കും അഭിമാനം നൽകുന്ന അത്യന്തം ശ്രദ്ധേയമായ ഒരു മുഹൂർത്തമാണ്. പക്ഷേ പിന്നോക്ക സമൂഹങ്ങളുടെ കാര്യത്തിൽ ഒരു വളർച്ച ഉണ്ടാക്കാൻ ശ്രമിച്ചാൽ മാത്രമേ ഇത് നേടിയെടുക്കാൻ കഴിയു

വെന്ന് ഇന്ത്യയിലെ യുവജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുകയാണ്. ഞാനിതു പറയുന്നതിന്റെ കാരണം, സോഷ്യൽ നെറ്റ് വർക്ക് ഞാൻ പലപ്പോഴും ശ്രദ്ധിക്കാറുണ്ട്. മണ്ഡൽ കമ്മീഷൻ വന്നതിനുശേഷം ഇന്ത്യയിൽ വലിയ മാറ്റമുണ്ടായി. നമുക്കത് മറക്കാൻ കഴിയില്ല. വലിയ മാറ്റമാണ് ഇന്ത്യയിൽ വന്നത്. ഇടത്തട്ടുകാരുടെ ഇടയിൽ, അവരുടെ മനസ്സുകളിൽ ചെറുത്തുനിൽക്കാൻ അതിജീവനത്തിന്റെ, നവജാഗരണത്തിന്റെ ഒരു പുതിയ പ്രഭാതം വളർന്നുവന്നത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപടികളുമായി ഈ രാജ്യം മുന്നോട്ടുപോയ സമയത്താണ്. നമുക്കറിയാം, നമ്മുടെ നാട് ജാതീയതയിൽക്കിടന്ന് പിടയുകയായിരുന്നു. രാജാവിനു പോലും രണ്ടടി തീണ്ടൽ കൽപിച്ച ഒരു സംസ്കൃതിയാണ് പഴയ സംസ്കൃതി. ബ്രാഹ്മണ സമൂഹത്തിന് രാജാവിന്റെ അടുക്കൽ പോലും രണ്ടടി തീണ്ടൽ ഏർപ്പെടുത്തിയ ഒരു സാമൂഹിക ക്രമത്തിൽ ഈ നാട്ടിലെ അധ:സ്ഥിത വർഗ്ഗങ്ങൾ അനുഭവിച്ച ഹൃദയവേദനയും നൊമ്പരവും എന്താണെന്നത് ഈ സഭയ്ക്ക് അപരിചിതമല്ല. ഞാൻ പറഞ്ഞുവന്നത് ജാതീയതയുടെ പീഡനം ഇല്ലായിരുന്നുവെങ്കിൽ, വർഗ്ഗീയമായ അസ്വാസ്ഥ്യം ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ രാജ്യം ചൈനയ്ക്ക് മുന്നിൽ വരുമായിരുന്നുവെന്ന് ഇന്ന് ഈ നാട്ടിലെ ചെറുപ്പക്കാർ തിരിച്ചറിയുകയാണ്. അതുകൊണ്ടാണ് ചില ആളുകൾ രാഷ്ട്രീയ കാര്യത്തിനുവേണ്ടി ലീഗിനെ മുന്നിൽ നിർത്തി വർഗ്ഗീയത ഉണ്ടാക്കാൻ ശ്രമിക്കുമ്പോഴും ജാതീയത പറയാൻ ശ്രമിക്കുമ്പോഴും ഇന്ത്യയിലെ ചെറുപ്പക്കാർ മാറിയ

സാഹചര്യത്തിൽ ഒരു കാരണവശാലും വർഗ്ഗീയതയ്ക്കും ജാതീയ തയ്ക്കും അടിപ്പെടുകയില്ലെന്നും മതഭ്രാന്തിന്റേയും ജാതി ഭ്രാന്തിന്റേയും കാലം കഴിഞ്ഞുവെന്നും ഇന്ത്യയെ ഒരൊറ്റ യൂണിറ്റായി 'We are the nations, We the people' എന്ന് പറഞ്ഞുകൊണ്ട് ചെറുപ്പക്കാർ മുന്നോട്ട് പോകുന്ന സമയത്ത് ഈ മാറ്റം ഉൾക്കൊള്ളാൻ സർവ്വകലാശാലാ നിയമം ഭേദഗതി ചർച്ച ചെയ്യുന്ന സമയത്ത് ഞാനും നിങ്ങളും ബാധ്യസ്ഥരാണ്. യു.എസ്.-ലെ ഗ്യാരി ബക്കറിന്റെ ഒരു പഠനമുണ്ട്. വളരെ പഴയ ഒരു പഠ നമാണ്. വിദ്യാഭ്യാസത്തിനുവേണ്ടി, അദ്ദേഹത്തിന്റെ ഭാഷയിൽ പറ ഞ്ഞാൽ റെസീജ്വൽ ക്യാപ്പിറ്റൽ, നമ്മുടെ വിഭവങ്ങൾ ഫിസിക്കൽ ക്യാപ്പിറ്റ ലിലേയ്ക്കാണോ എഡ്യൂക്കേഷനിലേക്കാണോ മാറ്റുന്നത്? ഫിസിക്കൽ ക്യാപ്പിറ്റൽ വേണ്ടെന്നല്ല അദ്ദേഹം പറഞ്ഞത്. ക്യാപ്പിറ്റൽ ഇനിഷ്യേറ്റീവ് വേണം. പക്ഷെ റെസീജ്വൽ ക്യാപ്പിറ്റൽ വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവ ച്ചാൽ അത് കൊണ്ടുവരുന്ന ഇക്കണോമിക് റിട്ടേൺ, സോഷ്യൽ റിട്ടേൺ വാക്കുകൾക്ക് ഒതുങ്ങുകയില്ലെന്ന് ഗ്യാരി ബക്കർ നൽകിയ പഠനം നമ്മുടെ കേരളീയ സമൂഹത്തിൽ ഇന്ത്യൻ സമൂഹത്തിൽ വളരെ പ്രസക്ത മാണ്. റെസീജ്വൽ ക്യാപ്പിറ്റലിൽ എജ്യുക്കേഷൻ അലോക്കേറ്റ് ചെയ്യുന്ന സ്വത്ത് വർദ്ധിപ്പിച്ചാൽ നമ്മുടെ ഫിസിക്കൽ ക്യാപ്പിറ്റൽ വളരുകയേയുള്ളു. അതുകൊണ്ട് ഹയർ എജ്യുക്കേഷനുവേണ്ടി, യൂണിവേഴിസിറ്റി എജ്യു ക്കേഷനുവേണ്ടി കൂടുതൽ വിഭവങ്ങൾ കണ്ടെത്താൻ നമ്മൾ ആത്മാർത്ഥ മായി ശ്രമിക്കേണ്ടതാണ്. നമുക്കറിയാം, പിന്നോക്ക സമുദായത്തിന്റെ

കാര്യം പറഞ്ഞപ്പോൾ, മഹാനായ ദ്രോണാചാര്യരിൽനിന്ന് പഠിക്കാൻവേണ്ടി മാറിനിൽക്കുന്ന ഒരു ഏകലവ്യനുണ്ട്. ആ ഏകലവ്യനെ മാറ്റി നിർത്താൻ ആകില്ല. ദുശ്ശാഠ്യത്തോടുകൂടി ദ്രോണാചാര്യർ ഏത് മതിൽ കെട്ടിപ്പൊക്കിയാലും ശരി ഇന്ത്യാരാജ്യത്തെ സാധാരണക്കാരായ ആളുകൾ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹം ഈ ഏകലവ്യന്മാരെ ശാക്തീകരണത്തിന്റെ വഴിയിലേക്ക് കൊണ്ടുവരാൻ ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുകതന്നെവേണമെന്ന് ഈ രാജ്യം ശപഥം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ നമുക്ക് റെമഡിയൽ മെഷേഴ്സ് വേണമെന്നുള്ളതാണ്.

ശ്രീ. പാലോട് രവി: അങ്ങ് ഏകലവ്യന്റെ കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങേയ്ക്കറിയാമോ,

"എല്ലാം വശമായി ഗുരു, ഗുരുദക്ഷിണ-
ക്കെന്താണ് വേണ്ടതെന്നോതൂ,
തരുന്നു ഞാൻ, തള്ളവിരൽ ഗുരുദക്ഷിണയായി
നീ തന്നേക്ക് വത്സാ, മടിക്കരുതൊരല്പവും"

എന്ന് പറഞ്ഞാണ് ആ കഥ അവസാനിക്കുന്നതെന്ന് അങ്ങേക്കറിയാമോ?

ശ്രീ. പി.റ്റി.എ. റഹീം: അങ്ങ് കോഴിക്കോട് സർവ്വകലാശാല സ്ഥാപിക്കാൻവേണ്ടി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും സി.എച്ച്. മുഹമ്മദ് കോയയും ചെയ്ത സേവനങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയു

ണ്ടായി. പക്ഷെ കോഴിക്കോട് സർവ്വകലാശാല സ്ഥാപിക്കുന്നതിനെതിരായി കോൺഗ്രസ് അന്ന് ശക്തമായ നിലപാട് എടുത്തിരുന്നു. ന്യൂനപക്ഷ വിദ്യാഭ്യാസ കാര്യത്തിൽ നമ്മൾ ഒന്നിച്ച് പ്രവർത്തിക്കണം എന്ന് അങ്ങ് പറഞ്ഞല്ലോ; കോഴിക്കോട് സർവ്വകലാശാല മലബാറിന്റെ വിദ്യാഭ്യാസ രംഗത്ത് വലിയ പരിവർത്തനം ഉണ്ടാക്കിയിട്ടുണ്ട്. കോൺഗ്രസ് അതിന് എതിരായിരുന്നു എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. ടി.എ. അഹ്മദ് കബീർ:</u> അത് ശരിയല്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ് നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പണിയെടുത്തവരാണ്. ഞാൻ കക്ഷി രാഷ്ട്രീയം പറയുന്നതല്ല. എനിക്കതിൽ വലിയ താല്പര്യമുള്ള ആളല്ലെന്ന് ഈ സഭയ്ക്കറിയാം. ഞാൻ പറഞ്ഞത് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ മൻമോഹൻ സിംഗിന്റെ കാലംവരെയുള്ള ഭരണയന്ത്രത്തിന്റെ ചലനം സോഷ്യോളജിക്കൽ അനാലിസിസിന് വിധേയമാക്കിയാൽ ഓരോ ചുവടും ഈ രാജ്യത്തിന്റെ അധ:സ്ഥിത വർഗ്ഗത്തിന്റെ, പൊതു സമൂഹത്തിന്റെ നന്മയെ ലാക്കാക്കിയാണെന്ന് മനസ്സിലാകും. എന്നാൽ ഒറ്റപ്പെട്ട അപവാദങ്ങളുണ്ട്. ജവഹർലാൽ നെഹ്റു അധികാരത്തിൽ വന്ന ആദ്യ സമയത്തുതന്നെ കാകാ കലേക്കർ കമ്മീഷനെ നിയമിച്ചു. പക്ഷേ, റിപ്പോർട്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഈ രാജ്യത്തിന്റെ നടപടിക്രമം നിരീക്ഷിച്ചാൽ നമ്മുടെ രാജ്യത്തിന് തലകുനിക്കാൻ ഒന്നുമില്ലെന്ന് വളരെ വ്യക്തമാകും.

ശ്രീ. സി.പി. മുഹമ്മദ്: ശ്രീ. പി. ശ്രീരാമകൃഷ്ണൻ നേരത്തെ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. മനോഹരമായ പ്രസംഗമായിരുന്നു. പക്ഷെ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ സെനറ്റ് മെമ്പർ എന്ന നിലയിൽ നിങ്ങൾ എല്ലാവരും അറിയേണ്ട ഒരു അനുഭവം എനിക്കുണ്ടായി. ഞാൻ മൂന്ന് മാസത്തോളം അബോധാവസ്ഥയിൽ ബോംബെയിലെ ഒരാശുപത്രിയിൽ കിടക്കുമ്പോൾ ആ യൂണിവേഴ്സിറ്റിയുടെ പ്രോ-ചാൻസിലറായ ശ്രീ. എം.എ. ബേബി എന്നെ വന്നു കണ്ടു. പക്ഷെ മൂന്ന് തവണ സെനറ്റ് യോഗത്തിൽ ഞാൻ പങ്കെടുത്തില്ലെന്നുള്ളതിന്റെ പേരിൽ എന്റെ അംഗത്വം അന്നത്തെ രജിസ്ട്രാർ ശ്രീ. നാരായണൻ റദ്ദാക്കി. മൂന്ന് യോഗത്തിലും പങ്കെടുക്കാത്ത എന്റെ സുഹൃുത്ത് ശ്രീ. വി. ചെന്താമരാക്ഷന്റെ അംഗത്വം റദ്ദാക്കിയില്ല. അവസാനം എനിക്ക് കേരള ഹൈക്കോടതിയിൽ പോകേണ്ടിവന്നു. പ്രൊഫ. സാമുവൽ മത്തായിയെ കാണാൻ ഇ.എം.എസ്. പോയി, വിശേശ്വരയ്യയെ കാണാൻ ജവഹർലാൽ നെഹ്റു പോയി. അതുകൊണ്ട് ഏത് ഗവൺമെന്റ് ഭരിച്ചാലും സർവ്വകലാശാലയുടെ അക്കാഡമിക് സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കണം. പക്ഷെ കഴിഞ്ഞ തവണ അഞ്ചുകൊല്ലം ഭരിച്ചവർക്ക് അത് പറയാൻ അർഹതയില്ലായെന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. സി.കെ. നാണു: വളരെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ താങ്കൾ സ്പർശിച്ചതുകൊണ്ടാണ് പറയുന്നത്. മണ്ഡൽ കമ്മീഷന്റെ സ്വാധീനത താങ്കൾ ഇവിടെ പറഞ്ഞു. ആ മണ്ഡൽ കമ്മീഷൻ നടപ്പിലാ

ക്കുന്നതിന് എതിരായി, ആ സംവിധാനത്തെ തകർത്തവർക്കാണ് ഇന്നും നമ്മുടെ നാട്ടിൽ ആധിപത്യം എന്നുള്ളത് മറന്നുകൊണ്ടാണ് പറയുന്നത്. കാരണം മണ്ഡൽ കമ്മീഷന് അനുകൂലമായ, മണ്ഡൽ കമ്മീഷന്റെ അടിസ്ഥാനത്തിൽ ഒരാളെ നിശ്ചയിച്ചാൽ മാത്രമേ ഡൽഹിയിലേക്ക് ഇനി ഉള്ളു എന്ന് പറഞ്ഞ് ശ്രീ. വി.പി. സിംഗ് സമരം നടത്തിയശേഷം നിയമപരമായി മാത്രം സുപ്രിംകോടതിയുടെ അനുവാദം കിട്ടിയതിന്റെ ഫലമായാണ് ഒരു യുവാവിനെ മണ്ഡൽ കമ്മീഷന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചത്. താങ്കൾ പറയുന്ന പശ്ചാത്തലം ശരിയാണ്. പക്ഷെ ഇന്ന് നമ്മുടെ നാട്ടിലുള്ള ഈ സാഹചര്യങ്ങൾ കേന്ദ്ര ഭരണകൂടവും അതിന്റെ സമീപനങ്ങളും മണ്ഡൽ കമ്മീഷന്റെ അടിസ്ഥാനത്തിൽ നമ്മുടെ നാട്ടിലെ അവശവിഭാഗത്തിന്റെ പുരോഗതിക്ക് അനുകൂലമായ നിലപാടെടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണം.

<u>ശ്രീ. ടി.എ. അഹ്മദ് കബീർ:</u> ബഹുമാനപ്പെട്ട പട്ടാമ്പി അംഗം സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. ഞാനത് പറഞ്ഞുകഴിഞ്ഞു. സർവ്വകലാശാലയുടെ കാര്യത്തിൽ, വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സത്യത്തിൽ ഇടുങ്ങിയ കക്ഷി രാഷ്ട്രീയമുണ്ടെന്നുള്ളത് ആദ്യം തന്നെ ഞാൻ പറഞ്ഞതാണ്. താങ്കൾ പറഞ്ഞത് വസ്തുതയാണെന്ന് ഈ സഭയ്ക്കറിയാം. കാകാ കലേക്കർ കമ്മീഷന്റെ കാര്യം പറഞ്ഞത് അതുകൊണ്ടാണ്. സത്യത്തിൽ ഈ ശക്തികളുണ്ട്. അതല്ലേ സമരം എന്നു പറയുന്നത്? ഈ സമരത്തിന് അന്ത്യമില്ല.

സന്ധിയില്ലാത്ത സമരമാണ്. ഈ നാട്ടിലെ അധ:സ്ഥിത വർഗ്ഗത്തിനു വേണ്ടി, സാധാരണക്കാർക്കുവേണ്ടിയുള്ള ഈ സമരത്തിന് സന്ധിയില്ല. ആര് വന്നാലും ശരി, ആര് എതിര് നിന്നാലും ശരി നമുക്കും...

ശ്രീ. എ.എം. ആരിഫ്: അങ്ങ് കോൺഗ്രസ് നേതൃത്വത്തെക്കുറിച്ചുള്ള സോഷ്യോളജിക്കൽ അനാലിസിസ് എന്നൊക്കെ പറഞ്ഞല്ലോ; അങ്ങ് അതിൽ നരസിംഹറാവുവിന് നൽകിയിരിക്കുന്ന സ്ഥാനം എവിടെയാണ്? കോൺഗ്രസ് പ്രസിഡന്റും ഇന്ത്യാ രാജ്യത്തിന്റെ പ്രധാനമന്ത്രിയുമായിരുന്ന അദ്ദേഹം ബാബറി മസ്ജിദ് തകർക്കുന്ന സന്ദർഭത്തിൽ പൂജാമുറിയിൽ പ്രാർത്ഥന നടത്തുകയായിരുന്നു എന്നുള്ള വെളിപ്പെടുത്തൽ ഇപ്പോൾ വന്നിരിക്കുകയാണ്. അതിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസ് പാർട്ടിയും അതിന്റെ നേതാവും ഇന്ത്യൻ പ്രധാനമന്ത്രിയുമായ നരസിംഹ റാവുവിന്റെ സ്ഥാനം എന്താണെന്ന് അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. ടി.എ. അഹ്മദ് കബീർ : ബഹുമാനപ്പെട്ട അരൂർ അംഗം,

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോര തന്നെ കൊതുകിന് കൗതുകം"

എന്ന് പറയുന്നതുപോലെ വളരെ പ്രസക്തമായ വിഷയങ്ങളാണ് ഞാൻ പറഞ്ഞത്. കോൺഗ്രസ്സിന്റെ മുന്നണിയിലെ ഒരംഗമാണ് ഞാൻ. എനിക്ക് എന്ത് അപമാനം? എത്ര കൊല്ലമായി? 1969 മുതൽ 2012 വരെ ഏതാണ്ട് അരനൂറ്റാണ്ടുകാലം പിന്തുടരുന്ന ഒരു രാഷ്ട്രീയ സഖ്യത്തിന്റെ ഭാഗമാണെന്ന് പറഞ്ഞുകൊണ്ട് സംസാരിക്കാൻ ഞാൻ എന്തിന് മടി

ക്കണം? ഞങ്ങൾ അങ്ങനെ കൊടിയുടെ നിറം മാറ്റിയിട്ടില്ല, ഞങ്ങൾ ചിഹ്നം മാറ്റിയിട്ടില്ല. എന്നാണോ ഇസ്മായിൽ സാഹിബ് ലോക്സഭയിൽ ഏണി ചിഹ്നത്തിൽ മത്സരിച്ചത്, അന്നു മുതൽ ഇന്നുവരെ ഞങ്ങൾ ആ ചിഹ്നത്തിലാണ് നിൽക്കുന്നത്. ഞങ്ങൾക്കൊന്നും മാറ്റാനില്ല. ഞങ്ങൾക്കൊന്നും മറിച്ച് പറയാനോ മറച്ചുപിടിക്കാനോ ഇല്ല. ഞാൻ പറഞ്ഞത്, ഈ നാട്ടിലെ പിന്നോക്കം നിൽക്കുന്ന ജനങ്ങളുടെ സാർവ്വത്രികമായ വിദ്യാഭ്യാസത്തിനുവേണ്ടി ദേശീയമായി കബിൽ സിബലാണ് ഒരവകാശം കൊണ്ടുവന്നത് എന്നാണ്. നമ്മുടെ കേരളത്തിലാകട്ടെ, പതിറ്റാണ്ടുകൾക്കുമുമ്പ് ഈ അവസരങ്ങൾ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് കൊണ്ടുവന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തും ഈ മാറ്റം വേണം, നമുക്ക് റെമഡിയൽ മെഷേഴ്സ് വേണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u> : സോഷ്യോളജിയുടെ കാര്യം, സി.പി.ഐ.(എം)-മായി ബന്ധപ്പെട്ട് നേരിട്ടല്ലെങ്കിൽപ്പോലും ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. റ്റി.വി. രാജേഷും പ്രസംഗിച്ചപ്പോൾ അനർഹരായിട്ടുള്ള ആളുകളുടെ കാര്യവും സിൻഡിക്കേറ്റിലെ നിയമനങ്ങളെക്കുറിച്ചുമാണ് പറഞ്ഞത്. കേരള സർവ്വകലാശാലയിൽ സി.പി.ഐ.(എം) ഗവൺമെന്റ് (എൽ.ഡി.എഫ്. ഗവൺമെന്റ്) ആളുകളെ തീരുമാനിച്ചു. അവരുടെ എം.പി. ആയിരുന്ന ശ്രീ. പി. രാജേന്ദ്രനെ സിൻഡിക്കേറ്റിലേയ്ക്ക് കൊണ്ടുവന്നു. ശ്രീ. പി. രാജേന്ദ്രനെ സിൻഡിക്കേറ്റിലേയ്ക്ക് കൊണ്ടുവന്നത് വ്യവസായികളുടെ പ്രതിനിധിയായിട്ടാണ്. നമ്മുടെ അറിവിൽ ശ്രീ. പി. രാജേ

ന്ദ്രൻ ഒരു വ്യവസായ സ്ഥാപനവും നടത്തുന്നില്ല. അദ്ദേഹം സി.പി.ഐ.(എം) പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി അംഗമാണ്. സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി അംഗമാകുന്നത് വ്യവസായി ആകാനുള്ള യോഗ്യതയാണോ എന്നുള്ളത് നമുക്ക് അറിയില്ല. അപ്പോൾ ശ്രീ. പി. രാജേന്ദ്രനെ വ്യവസായിയായി സിൻഡിക്കേറ്റിൽ കൊണ്ടുവന്ന ആളുകളാണ് അനർഹ നിയമനത്തെക്കുറിച്ച് പറഞ്ഞത്. സി.പി.ഐ.(എം) ഒരു വ്യവസായ സ്ഥാപനമാണെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

ശ്രീ. വി.എസ്. സുനിൽ കുമാർ : വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അതിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം, ഉന്നത വിദ്യാഭ്യാസ രംഗത്തെങ്കിലും രാഷ്ട്രീയമായ അതിപ്രസരം ഒഴിവാക്കണമെന്ന അങ്ങയുടെ നിർദ്ദേശമാണ്. അത് വളരെ സ്വാഗതാർഹമായ ഒരു നിർദ്ദേശമാണ്. ഈ സഭ തുറന്ന് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണെന്ന് പറഞ്ഞു. പക്ഷേ ഇപ്പോൾ ഭരണത്തിലിരിക്കുന്ന മുസ്ലീംലീഗ് അത്തരത്തിൽ തന്നെയാണ് വിദ്യാഭ്യാസ വകുപ്പിൽ, പ്രത്യേകിച്ച് യൂണിവേഴ്സിറ്റിയുടെ ഭരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ കൊണ്ടുപോകുന്നതെന്ന് വളരെ ആത്മാർത്ഥമായി, ഹൃദയത്തെ സ്പർശിച്ചുകൊണ്ട് സംസാരിക്കുകയാണെങ്കിൽ അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

ശ്രീ. ടി.എ. അഹ്മദ് കബീർ: സർ, ചെങ്ങന്നൂർ അംഗം സഭയിൽ ഏറ്റവും പ്രാമാണികമായി ഇത്തരം കാര്യങ്ങൾ പറയാൻ ശേഷിയുള്ള ഒരംഗമാണ്. അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. വിദ്യാഭ്യാസ കാര്യ

ത്തിൽ ശ്രീ. പി.സി. വിഷ്ണുനാഥിനുള്ള താത്പര്യം എനിക്ക് നേരിട്ട് ബോധ്യമാണ്. ഞാൻ പറഞ്ഞത്, ശ്രീ.പി. രാജേന്ദ്രൻ കശുവണ്ടി വ്യവസായത്തിന്റെ .............

ശ്രീ. ജി.സുധാകരൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ഇലക്ഷൻ കമ്മീഷൻ ചിഹ്നങ്ങൾ അലോട്ട് ചെയ്യുന്ന തീരുമാനത്തിന് വിരുദ്ധമായി ഒരു പരാമർശം വന്നു. അതായത്, ഞങ്ങൾ ഇതുവരെ ഞങ്ങളുടെ ചിഹ്നം മാറ്റിയിട്ടില്ല എന്ന് പറയുകവഴി ഇൻഡ്യയിലെ ആദ്യത്തെ തെരഞ്ഞെടുപ്പിൽ നൂൽ നൂൽക്കുന്ന ചർക്ക അടയാളമായിരുന്ന കോൺഗ്രസ് (ഐ) പല ചിഹ്നങ്ങളും മാറ്റി ഇപ്പോൾ കൈപ്പത്തി ആക്കിയത് ഓർഡറിൽ അല്ല എന്നു പറഞ്ഞാൽ അത് ശരിയാണോ?

ശ്രീ. ടി.എ. അഹ്മദ് കബീർ : ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലല്ലോ; ബഹുമാനപ്പെട്ട അമ്പലപ്പുഴ അംഗം ഒരു കാര്യം,..

മി.സ്പീക്കർ : അദ്ദേഹം ആരേയും ആക്ഷേപിച്ചില്ല. അദ്ദേഹം അവരുടെ ഒരു നിലപാട് പറഞ്ഞുവെന്നേയുള്ളു. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നിലപാട് അദ്ദേഹം പറഞ്ഞുവെന്ന് മാത്രമേയുള്ളു.

ശ്രീ. ടി.എ. അഹ്മദ് കബീർ : ബഹുമാനപ്പെട്ട അമ്പലപ്പുഴ അംഗം, താങ്കൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് കേൾക്കുന്ന ഒരാളാണ് ഞാൻ. അങ്ങനെയൊരു പരാമർശമൊന്നും ഞാൻ നടത്തിയിട്ടില്ല. ഞാൻ പറഞ്ഞത് വളരെ വ്യക്തമാണ്, സഭാ രേഖകളിൽ ഉള്ളതാണ്. ഉന്നത വിദ്യാ

ഭ്യാസ രംഗത്ത് ക്വാണ്ടിറ്റേറ്റീവായ വളർച്ചയുണ്ടായ സമയത്ത് ക്വാളിറ്റേറ്റീവായ വളർച്ചകൂടി വേണമെന്ന് പറയുന്നിടത്ത് ആക്സസിന്റെ പ്രശ്നവും ഇൻക്ലൂഷന്റെ പ്രശ്നവുമാണ് ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ ശ്രദ്ധ തിരിഞ്ഞു പോകരുതെന്ന് ബഹുമാനപ്പെട്ട ഈ സഭയോട് ഞാൻ അപേക്ഷിക്കുകയാണ്. അതുകൊണ്ട് റെമഡിയൽ മെഷേഴ്സ് വേണം. മതന്യൂനപക്ഷങ്ങൾക്ക് വേണം, ഈഴവ സമുദായമടക്കമുള്ള പിന്നോക്ക ജാതികൾക്കുവേണം, ദളിത് സമൂഹത്തിന് വേണം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കാരണത്താൽ ബ്രാഹ്മണ സമുദായവും നായർ സമുദായവും അടക്കം എന്തെങ്കിലും അവശതകൾ പേറുന്നുണ്ടെങ്കിൽ അവർക്ക് സാമ്പത്തികമായ പരിഗണന നൽകി അവർക്കുകൂടി അവസരമുണ്ടാക്കിക്കൊടുക്കണം. അതേസമയം, ഈ പിന്നോക്ക സമുദായങ്ങൾ, കൊച്ചുകൊച്ച് സമുദായങ്ങളുടെ കാര്യവും ഈ സഭ താത്പര്യമെടുത്ത് അവർക്ക് ബ്രിഡ്ജ് കോഴ്സസ് നൽകണം.

മി. സ്പീക്കർ : ശ്രീ. കബീർ, സാധാരണ ഭേദഗതിക്ക് സമയനിബന്ധന പാടില്ല എന്നൊരു കീഴ്വഴക്കമുണ്ട്. പക്ഷേ നമുക്ക് ഇനി ഒരു ബില്ലുകൂടിയുണ്ട്. അതുകൊണ്ട് അങ്ങ് .........

ശ്രീ. ടി.എ. അഹ്മദ് കബീർ : ഞാൻ വേഗം തീർക്കാം. ഇന്നത്തെ വെല്ലുവിളികൾ നമ്മുടെ അവസരങ്ങളാക്കി മാറ്റാൻ നമുക്കെല്ലാവർക്കും ചേർന്ന് ഒരു ശ്രമം നടത്തുകയാണ് വേണ്ടത്. 'Turn it in to our advantage' എന്നു പറയുന്ന സായിപ്പിന്റെ ഭാഷ കടമെടുത്തുകൊണ്ട്

നമുക്ക് ഈ പ്രതിസന്ധികളെ അനുകൂലമാക്കി മാറ്റാൻ കഴിയണം. അതുകൊണ്ട് ഒരു സോഷ്യൽ ഇക്വിറ്റി ഫണ്ട്, ഒരു സ്കോളർഷിപ്പ് ഫണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് അടിയന്തരമായി നടപ്പിലാക്കി അർഹതയുള്ള, മെറിറ്റുള്ള വിദ്യാർത്ഥികൾക്ക് സഹായം നൽകണം. മെറിറ്റ് എന്താണെന്ന് നമ്മൾ തീരുമാനിക്കേണ്ടതുണ്ട്- എല്ലാവരും മെറിറ്റ് എന്നു പറയുന്ന രീതി ശരിയല്ല. എന്താണ് മെറിറ്റ് എന്ന് തീരുമാനിച്ച് അവർക്കൊരു പ്രിഫറൻഷ്യൽ ട്രീറ്റ്മെന്റ് നൽകി ഒരു സോഷ്യൽ ഇക്വിറ്റി ഫണ്ട് അല്ലെങ്കിൽ ഒരു സ്കോളർഷിപ്പ് ഫണ്ട് ഉണ്ടാക്കി ഇത്തരം പാർശ്വവത്കൃത സമൂഹങ്ങളെ ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ മുന്നണിയിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെപ്പറ്റി ഞാൻ നേരത്തെ സൂചിപ്പിച്ചു, നമ്മുടെ ഇൻഡ്യാ രാജ്യത്തിന് വലിയൊരു പാരമ്പര്യമുണ്ട്. ഇൻഡ്യയിലെ പണ്ഡിതൻമാരും വിദ്യാർത്ഥികളും നടന്നും മൃഗങ്ങൾക്ക് പുറത്ത് യാത്ര ചെയ്തും ഉന്നത വിദ്യാഭ്യാസം നേടിയ പാരമ്പര്യമുണ്ട്. ഞാൻ ചരിത്രം വായിച്ചു നോക്കിയപ്പോൾ, ബാഗ്ദാദിൽ ഒരു വലിയ പണ്ഡിതനുണ്ടായിരുന്നു. യൂസഫ് ഇസ്ഹാക്ക് അൽ ബിന്ദി. അദ്ദേഹത്തിന്റെ കാലം 805-873 ആണ്. ആ കാലഘട്ടത്തിൽ ഇൻഡ്യയിലെ വിദ്യാർത്ഥികളും പണ്ഡിതന്മാരും അൽ ബിന്ദിയുടെ പാഠശാലയിലേയ്ക്ക് പോയെന്ന് പറഞ്ഞാൽ ഉന്നത വിദ്യാഭ്യാസത്തിന് നമ്മുടെ രാജ്യം നൽകിയ പ്രാധാന്യം വളരെ വ്യക്തമായി മനസ്സിലാകും. അതുകൊണ്ട് ആ രംഗത്ത് ഒരു ഊന്നൽ വേണമെന്ന് ഞാൻ പറയുന്നു. നമ്മുടെ

സമ്പദ്ഘടന ആവശ്യപ്പെടുന്ന തൊഴിൽ വൈദഗ്ദ്ധ്യം സൃഷ്ടിക്കുന്നതിന് സർവ്വകലാശാലകളെ പ്രാപ്തരാക്കി മാറ്റേണ്ടതാണ്. ഗവേഷണത്തിന്റെ നാചുറൽ ഹോം ആണ് യൂണിവേഴ്സിറ്റികൾ. ആ രംഗത്ത് കൂടുതൽ ഊന്നൽ വേണം. അതിനായിരിക്കണം ഈ സഭ സർവ്വകലാശാലയ്ക്ക് മാർഗ്ഗദർശനം നൽകേണ്ടത്. എനിക്ക് കിട്ടിയ വിവരം അനുസരിച്ച് പത്തു ലക്ഷം പേരിൽ 119 പേരാണ് ഇൻഡ്യയിൽ ഗവേഷണ പ്രവർത്തങ്ങളിൽ ഏർപ്പെട്ടിട്ടുള്ളത്. പത്തുലക്ഷം ആളുകളിൽ കേവലം 119 പേർ. എന്നാൽ ജപ്പാനിൽ അത് 5287 -ഉം, യു.എസ്.എ.-യിൽ 4484-ഉം. ഇൻഡ്യയിൽ ജി. ഡി.പി.-യുടെ 0.81 ശതമാനമാണ് ആർ. ആൻഡ് ഇ-ക്ക് വേണ്ടി നീക്കിവ ച്ചിട്ടുള്ളത്. ഇത് വളരെ നിർഭാഗ്യകരമാണ്. അതിന്റെ ക്വാളിറ്റി ഓഫ് എക്സ്പെൻഡിച്ചർ ആണെങ്കിൽ കുറ്റരഹിതമായി നടക്കുന്നുവെന്ന് നമുക്ക് പറയാനുമാവില്ല. അതുകൊണ്ട് ഈ ക്വാളിറ്റേറ്റീവ് ടാർഗറ്റ് പ്രാപി ക്കാനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ വിനീത മായി ഈ സഭയോട് അപേക്ഷിക്കുന്നു. 'Powered by Technology, Fueled by Information, Driven by Knowledge' എന്നതാണ് യുനെ സ്കോ-യുടെ ആശയം. 'Learn and Learn, Re-learn' എന്ന് ഈ ലോകം വിളിച്ചുപറയുമ്പോൾ ആ മഹാ ഒഴുക്കിന്റെ ഭാഗമായി ഈ രാജ്യത്തിന് നിൽക്കാതെ നിർവ്വാഹമില്ല. അതിനനുസൃതമായി നമ്മുടെ നിയമങ്ങൾ മാറ്റിയെടുക്കാൻ പുന്നയ്യ കമ്മിറ്റി വന്നു, പൈലി കമ്മിറ്റി വന്നു, അനന്ത

കൃഷ്ണൻ കമ്മിറ്റി വന്നു, നാരായണ മൂർത്തി കമ്മിറ്റി വന്നു, മജുംദാർ കമ്മിറ്റി വന്നു, യശ്പാൽ കമ്മിറ്റി വന്നു. ഈ കമ്മിറ്റികളുടെയെല്ലാം റിപ്പോർട്ടുകൾ കേവലം ഒരു ചടങ്ങായി മാറാതിരിക്കാൻ നമ്മൾ ആവശ്യ മായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. Useful knowledge- ഉം Usable knowledge–ഉം ഉണ്ട്. എല്ലാ Useful knowledge –ഉം നമുക്ക് പ്രാപിക്കാൻ കഴിയില്ല. അതുകൊണ്ട് Useful ആയ, ഈ വിവരങ്ങളെയെല്ലാം അടിസ്ഥാന വർഗ്ഗത്തിനുവേണ്ടി ഉപയോ ഗിക്കാൻ കഴിയുന്ന രീതിയിൽ നടപടി സ്വീകരിക്കണം. അതുകൊണ്ട് ഫോക്കസ് ഏരിയ വേണം. ആ ഫോക്കസ് ഏരിയ ഐഡന്റിഫൈ ചെയ്യ ണം, എന്നിട്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് റീ–എഞ്ചിനീയറിംഗ് വേണമെ ന്നാണ് ഈ സഭയോട് വിനയത്തോടുകൂടി എനിക്ക് അപേക്ഷിക്കാനുള്ള ത്. അതിന്റെ അർത്ഥം എക്സ്പാൻഷൻ വേണം, എക്സലൻസ് നഷ്ടപ്പെടരുത്, ഇൻക്ലൂഷനുണ്ടാകണം. എക്സ്പാൻഷനും എക്സ ലൻസും ഇൻക്ലൂഷനും ഒരുമിച്ചുപോകുന്ന ഒരു നടപടിക്രമം ഉണ്ടാകണം. കരിക്കുലം ട്രാൻസാക്ഷൻ നടക്കണം. കരിക്കുലം കണ്ടന്റ് പ്രധാനമാണ്. അതുകൊണ്ട് അദ്ധ്യാപകർ 'Teach' എന്ന ആശയത്തിൽനിന്ന് മാറണം. 'Learn, Teach and Update' ഈ മൂന്ന് മുദ്രാവാക്യങ്ങൾ നമ്മുടെ അദ്ധ്യാ പക സമൂഹം ഏറ്റെടുക്കാൻ കഴിയുന്ന വിധത്തിൽ നിയമത്തിൽ മാറ്റം വേണം. അതുകൊണ്ടാണ് ഞാൻ ആദ്യം പറഞ്ഞത് നമുക്കൊരു അക്കാദ

മിക് കലണ്ടറും എക്സാമിനേഷൻ കലണ്ടറും ഉണ്ടാകണം. യാതൊരു കാരണവശാലും ഇതിൽ മാറ്റം വരാതിരിക്കുന്നതിന് ഈ സഭ കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കണമെന്ന് വിനയത്തോടുകൂടി അപേക്ഷിക്കുകയാണ്.

ശ്രീ. എം. ഉമ്മർ: അങ്ങ്. ഡിഗ്രി, പി.ജി., റിസർച്ച് തലങ്ങളിലുള്ള കുട്ടികളുടെ എൻറോൾമെന്റിനെക്കുറിച്ച് പറയുകയുണ്ടായി. ഇതിന്റെ എണ്ണത്തിലുള്ള കുറവിനെക്കുറിച്ച് പറയുകയുണ്ടായി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയായാലും മറ്റ് യൂണിവേഴ്സിറ്റികളായാലും ഹയർ സെക്കന്ററി പാസ്സായി വരുന്ന ക്വാളിഫൈഡ് ആയ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നേടാൻ കഴിയാതെ വരുന്നത് അവർക്ക് വേണ്ടത്ര സീറ്റ് ലഭിക്കാത്തതുകൊണ്ടാണെന്നും ഏറ്റവും കൂടുതൽ കുട്ടികൾ പ്രൈവറ്റായി രജിസ്റ്റർ ചെയ്യുമ്പോൾ അത് യൂണിവേഴ്സിറ്റിയുടെ എണ്ണമായി കണക്കാക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. പാസ്സാകുന്ന കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് സീറ്റുകൾ കൂട്ടണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. റ്റി.എ. അഹ്മദ് കബീർ: അതാണ് എക്സ്പാൻഷൻ വേണമെന്ന് പറയുന്നതിനർത്ഥം. സ്കൂൾ എഡ്യുക്കേഷന്റെ ക്വാളിറ്റിയാണ് നമ്മുടെ രാജ്യത്തിന്റെ വളർച്ച. അവിടെ നമ്മൾ ശ്രദ്ധിക്കാതെ പോകുന്ന ഒരു കാര്യം സ്കൂൾ ടീച്ചർ എന്നുപറയുന്നത് യൂണിവേഴ്സിറ്റിയുടെ പ്രോഡക്ടാണ്. അവർ ഡിഗ്രി അല്ലെങ്കിൽ പി.ജി. എടുത്ത് ബി.എഡ്/

എം.എഡ്, സെറ്റ്/നെറ്റ് പാസ്സായാണ് അദ്ധ്യാപകരാകുന്നത്. സ്കൂൾ എഡ്യൂക്കേഷന്റെ നിലവാരം വർദ്ധിപ്പിക്കണമെങ്കിൽ ഹയർ എഡ്യൂക്കേഷന്റെ നിലവാരം വർദ്ധിച്ചേ മതിയാകൂവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഹയർ എഡ്യൂക്കേഷൻ രംഗത്ത് നമ്മൾ ഊന്നൽ കൊടുക്കണം. അതിന് സിലബസിന്റെ കാര്യത്തിൽ ശ്രദ്ധിക്കണം. സിലബസ് വല്ലപ്പോഴും പുതുക്കിയാൽ പോരാ. അതിന് ഒരു പ്രയോറിറ്റി വേണം, പീരിയോഡിസിറ്റി വേണം. നല്ല റിവ്യുവും റിവിഷനും വേണം. അതിനാവശ്യമായ എല്ലാ ഏർപ്പാടുകളും ചെയ്യാൻ ഗവൺമെന്റ് മുന്നോട്ട് വന്നേ മതിയാകൂ. റിവ്യുവും റിവിഷനുമില്ലാതെ സിലബസിന്റെ കണ്ടന്റിലും ട്രാൻസാക്ഷനിലും കൂടുതൽ ജാഗ്രതയില്ലാതെ നമുക്ക് മുന്നോട്ടുപോകാനാകില്ല. അതുകൊണ്ട് ഈ രംഗത്തുകൂടി ശ്രദ്ധിക്കണമെന്ന് ഈ സഭയോട് ഞാൻ അപേക്ഷിക്കുകയാണ്.

നമ്മുടെ പെഡഗോഗിയുടെ കാര്യത്തിൽ നാം ശ്രദ്ധിക്കണം. അദ്ധ്യാപന രംഗത്തെ പെഡഗോഗി എന്നുപറയുന്നത് ഇന്ന് ലോകത്തെ ഏറ്റവും വലിയ ഒരു വിഷയമാണ്. അതുകൊണ്ട് പെഡഗോഗിയിൽ റിഫോം വേണം. സ്റ്റുഡന്റ്സ് സൈക്കോളജി ഇതിന്റെ ഭാഗമാകണം. ശരിക്കുപറഞ്ഞാൽ teacher should undergo a course in the pedagogy of Higher Education. പെഡഗോഗിയുടെ കാര്യത്തിൽ കോളേജ് അദ്ധ്യാപകർക്ക് നിരന്തരമായ പരിശീലനം വേണം. അതൊന്നും ഒരിക്കലും നിന്നുപോകരുത്. ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാഭ്യാസ നിലവാരം

കുറഞ്ഞെന്ന് ഹൈക്കോടതി പറയാൻ കാരണമെന്താണ്? ബി.ടെക് എടുത്ത് നേരെ വന്ന് എഞ്ചിനീയറിംഗ് കോളേജിൽ പഠിപ്പിക്കുകയാണ്. എ.ഐ.സി.റ്റി.ഇ. 2010-ൽ പറഞ്ഞു എം.ടെക് വേണമെന്ന്. നമ്മൾ ഇപ്പോൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നില്ല. ഒരിക്കലും ഇത് ആശാസ്യമല്ല. മാസ്റ്റർ ഡിഗ്രി ഇല്ലാതെ ഒരു കാരണവശാലും ഏത് കോളേജാണെങ്കിലും ഇത് സംഭവിക്കാൻ പാടില്ല. അതുകൊണ്ട് എന്റെ വിനീതമായ ഒരു അഭിപ്രായം നമ്മുടെ ജനങ്ങൾക്ക് മുഴുവൻ നമുക്ക് ലഭിക്കുന്ന വിവരങ്ങൾ വിജ്ഞാനമായി പരിവർത്തിപ്പിക്കാൻ കഴിയുന്ന എക്സസ്സും പ്രോസസ്സിൽ ഇടപെടാനുള്ള ശേഷിയുമുണ്ടാകണം. അതുകൊണ്ട് ഹയർ എഡ്യൂക്കേഷൻ എന്നുപറയുന്നത് ടീച്ചിംഗിനും റിസർച്ചിനും എക്സ്റ്റൻഷനും വേണ്ടിയുള്ള ഒരു ശ്രമമാണ്. അതുകൊണ്ട് അക്കാദമിക് ഓഡിറ്റ് വേണം. ഒരു ഓവറോൾ പെർഫോമൻസ് ഓഡിറ്റ് എന്തായാലും ഉണ്ടാകും. പക്ഷേ അക്കാദമികമായ ഒരു ഓഡിറ്റ് ഉണ്ടായേ മതിയാകൂ. എങ്കിലേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളു. അതുകൊണ്ട് ഗവൺമെന്റ് കോളേജുകളിലെയും എയ്ഡഡ് കോളേജുകളിലെയും അൺ എയ്ഡഡ് കോഴ്സുകൾ തുടരേണ്ടതുണ്ടോ എന്ന് ഈ സഭ ഗൗരവതരമായി ആലോചിക്കണമെന്ന് വിനയത്തോടുകൂടി അപേക്ഷിക്കുകയാണ്. നമ്മുടെ ടീച്ചേഴ്സിന് ഒരു ഇൻസർവ്വീസ് ട്രെയിനിംഗ് വേണമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. അതുണ്ടാകണം. അതുപോലെ യൂണിവേഴ്സിറ്റിയുടെ സൈസ് ഒന്നു ചെറുതാക്കി നമ്മുടെ യൂണിവേഴ്സിറ്റികളെ ഫലപ്രദമാ

ക്കാനും നീക്കമുണ്ടാകേണ്ടതുണ്ട്. ഇങ്ങനെ നമ്മുടെ സർവ്വകലാശാലക ളെയും ഉന്നത വിദ്യാഭ്യാസ രംഗത്തെയും നമ്മുടെ സംസ്ഥാനത്തെ ഒരു വലിയ വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റാനും നമ്മുടെ രാജ്യത്തെ ലോക ത്തിന്റെ മുമ്പിൽ ഏറ്റവും മുകളിൽ കൊണ്ടുവരാനും സഹായകരമായ ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു മാറ്റം കൊണ്ടുവരാൻ ഈ നിയമ നിർമ്മാണം ഒരു തുടക്കമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ഇവിടെ മെമ്പർമാർ പറഞ്ഞ ചില കാര്യങ്ങളെക്കുറിച്ചുമാത്രമേ ഞാൻ മറുപടി പറയുന്നുള്ളു. ശ്രീ. രാജേഷ് സംസാരിച്ചപ്പോൾ ചാൻസലറുടെ പ്രീതി സമ്പാദിക്കുന്നിടത്തോളം കാലമേ മെമ്പർമാരായി ഇരിക്കാൻ കഴിയൂ എന്ന് ഒരു വിമർശന രൂപത്തിൽ പറഞ്ഞു. അതിന്റെ വലിയ ഒരു ഉദാഹരണം ഇന്നലത്തെ ഗവർണ്ണറുടെ ഉത്തരവ് തന്നെ വ്യക്തമാക്കുന്നുണ്ട്. കഴിഞ്ഞ കാലത്ത് കേരള സർവ്വകലാശാല സെനറ്റിൽ ശ്രീ. പി. രാജേന്ദ്രൻ ഇൻഡസ്ട്രിയലിസ്റ്റ് എന്ന കാറ്റഗറിയിൽ നോമിനേറ്റ് ചെയ്യപ്പെട്ടയാളാണ്. അദ്ദേഹം കൊല്ലത്തെ ഒരു ആശുപത്രിയിലെ ഡയറക്ടർ ബോർഡ് അംഗമാണ്. അതുപോലെ ശ്രീ. പ്രസാദ് ജേർണലിസ്റ്റ് കാറ്റഗറിയിൽ വന്നതാണ്. അദ്ദേഹം ജനയുഗം പത്രത്തിലെ ഒരു ഉദ്യോഗസ്ഥനാണ്. ശ്രീ. സജി ചെറിയാൻ സ്പോർട്ട്സ് വിഭാഗത്തെ റെപ്രസെന്റ് ചെയ്ത് വന്നയാളാണ്. ആലപ്പുഴ ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡണ്ടാണ്. മൂന്നു പേരും പ്രസ്തുത കാറ്റഗറികൾക്ക് യോജിച്ചവരല്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഗവർണ്ണർ ആ മൂന്നുപേരെ ഒഴിവാക്കിയിരിക്കുകയാണ്. ഗവർണ്ണറുടെ പ്ലഷർ എന്നു പറയുന്നത് ഇതുപോലെ അനധികൃതമായി വരുന്നവരെക്കൂടി ഒഴിവാക്കാൻ സഹായകമാകുമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ശ്രീ. രാജേഷ് പറഞ്ഞ മറ്റൊരു കാര്യം ശ്രീശങ്കര യൂണിവേഴ്സിറ്റിയിൽ രജിസ്റ്റേർഡ് റഗുലർ സ്റ്റുഡന്റിനെ സർക്കാർ നാമനിർദ്ദേശം ചെയ്യണമെന്നതായിരുന്നു നിലവിലെ വ്യവസ്ഥ. അത് മാറ്റിയിട്ട്

അക്കാദമിക് മികവുള്ള ഒരു ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയെ നോമി നേറ്റ് ചെയ്യണമെന്നാണ് പുതിയ വ്യവസ്ഥയായി കൊണ്ടുവന്നിരിക്കുന്നത്. ഏതെങ്കിലും ഒരു വിദ്യാർത്ഥി എന്നതിനുപകരം അക്കാദമിക് മികവുള്ള വിദ്യാർത്ഥി എന്ന് ചേർക്കുന്നതിനുവേണ്ടിയാണ് ആ ഭേദഗതി നമ്മൾ കൊണ്ടുവന്നിരിക്കുന്നത്. കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റിയെക്കുറിച്ച് മാത്രമാണ് ഇവിടെ പരാമർശങ്ങൾ ഉണ്ടായത്. ഞാനും സിൻഡിക്കേറ്റിൽ മെമ്പറായിരുന്ന ആളാണ്. കോളേ ജുകൾ അനുവദിക്കുന്നതിന് സിൻഡിക്കേറ്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റികൾ പോയി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കുന്ന ത്. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല നേരത്തെയുള്ള സമ്പ്രദായമാ ണ്. എല്ലാ അപ്രൂവലും കഴിഞ്ഞാണ് ഗവൺമെന്റിലേയ്ക്ക് വരുന്നത്. ഗവൺമെന്റിൽ വരുന്ന സമയത്ത് അവിടെ ചെലാൻ അടച്ച തീയതിയും ബാക്കിയുള്ളതുമൊന്നും ഗവൺമെന്റ് പരിഗണിക്കുന്നില്ല. അത് തെറ്റിദ്ധാ രണയുണ്ടാക്കാൻ വേണ്ടി പറഞ്ഞ കാര്യങ്ങളാണ്. സർവ്വകലാശാലാ നിയ മനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനുള്ള തീരുമാനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായതാണ്. അതുമായി ബന്ധപ്പെട്ട കാര്യ ങ്ങൾ തത്വത്തിൽ നമ്മളെല്ലാവരും അംഗീകരിച്ചതാണ്. അത് ഏത് രീതി യിൽ നടപ്പാക്കണമെന്നതിനെ സംബന്ധിച്ച്, ഏതൊക്കെ നിയമനങ്ങൾ/ പോസ്റ്റുകൾ പി.എസ്.സിക്ക് വിടണമെന്നതിനെ സംബന്ധിച്ചുള്ള നിർദ്ദേശ ങ്ങൾ യൂണിവേഴ്സിറ്റികളിൽനിന്ന് ലഭിച്ചിട്ടില്ല. അത് ലഭിക്കാൻ വേണ്ടി

യുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ചത് തുടർന്നുവരുകയാണ്. അതിന്റെ വിശദാംശങ്ങൾ മുഴുവൻ ലഭിച്ചതിനുശേഷമേ ഒരു തീരുമാനമെടുക്കുകയുള്ളു. കോഴിക്കോട് സർവ്വകലാശാലയെക്കുറിച്ച് പറഞ്ഞപ്പോൾ അതിന്റെ കൂടെ കേരള സർവ്വകലാശാലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന കാര്യങ്ങളൊന്നും ഇവിടെ സൂചിപ്പിച്ചില്ല. ഒരുപാട് വഴിവിട്ട കാര്യങ്ങൾ അവിടെ നടന്നുവെന്ന് എല്ലാവർക്കുമറിയാം. മാധ്യമങ്ങളിലൊക്കെ വന്ന കാര്യമാണ്. നിയമനത്തെക്കുറിച്ചുതന്നെയാണ്. കോഴിക്കോട് സർവ്വകലാശാലയിലെ പരീക്ഷാഭവന്റെ കാര്യം പറഞ്ഞു. പരീക്ഷാഭവനിൽ ഓഫീസ് സമയമെല്ലാം കഴിഞ്ഞതിനുശേഷം അവിടത്തെ സീക്രട്ട് റൂമിൽ അതിക്രമിച്ച് കയറിയെന്നുള്ളതിനെ സംബന്ധിച്ച് അവിടത്തെ മാർക്സിസ്റ്റ് യൂണിയന്റെ നേതാവ് സ്റ്റാലിന്റെ പേരിലുള്ള ആരോപണങ്ങളും അതു സംബന്ധിച്ചുള്ള കേസുകളും ശ്രീ. പി. ശ്രീരാമകൃഷ്ണന് അറിയാം. .....(ബഹളം).... ഞാൻ അത് ന്യായീകരിക്കുന്നില്ല..... അതെല്ലാം മറച്ചുവച്ചുകൊണ്ടാണ് സംസാരിക്കുന്നതെന്നേ പറഞ്ഞുള്ളു. .....(ബഹളം).. അതുപോലെ യൂണിവേഴ്സിറ്റിയിൽ............... .....(ബഹളം).. എന്താണ് ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :സർ, സർവ്വകലാശാലാ യൂണിയന്റെ തിരഞ്ഞെടുക്കപ്പെട്ട ചെയർമാനെ എന്തടിസ്ഥാനത്തിലാണ് മാറ്റുന്നത്. സർവ്വകലാശാലാ വിദ്യാർത്ഥികളുടെ തിരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ

ഫോറത്തിന്റെ ചെയർമാൻ വേണ്ട, അദ്ദേഹത്തിന് അക്കാദമിക് പിൻബലമില്ല എന്ന് പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇത് ബില്ലിൽ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥയാണ്. നിങ്ങൾക്ക് വേണമെങ്കിൽ എതിർക്കാം. അല്ലാതെ മാറ്റാൻ പാടില്ലായെന്ന് പറയാൻ സാധിക്കില്ലല്ലോ. ബിരുദാനന്തര ബിരുദമുള്ള അക്കാഡമിക് കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കുന്ന ആളാണെന്നുള്ളത് മാത്രമേയുള്ളൂ.

മി. സ്പീക്കർ: യെസ്, പ്ലീസ്.......... നോ,നോ........... അങ്ങനെ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. പ്ലീസ്........... ഇത് ബില്ലിന്റെ ചർച്ചയാണ്. പ്ലീസ്........... പ്ലീസ്.............പ്ലീസ്.........നിങ്ങൾ ബഹളമുണ്ടാക്കാനാണെങ്കിൽ ബഹമുണ്ടാക്കിക്കൊള്ളൂ. ഇവിടെ ബില്ലിന്റെ ചർച്ച നടക്കുകയാണ്. ഇവിടെ ബില്ലിനൊരു ഭേദഗതി വന്നിരിക്കുന്നു. പ്ലീസ്........ പ്ലീസ്.......(ബഹളം)......... Shri. Rajesh, please sit down, No......... No........ Please........ please....I Say you please sit down........... please sit down.......Please......... നിങ്ങൾ ഇരിക്കൂ, പ്ലീസ്.......പ്ലീസ്....... (ബഹളം).......ശ്രീ. ശ്രീരാമകൃഷ്ണൻ, പ്ലീസ്........... താങ്കൾ ഇരിക്കൂ, പ്ലീസ്....... (ബഹളം).........ചെയർ ഒരു കാര്യം പറയട്ടെ. ഒരു ബിൽ നിയമസഭയുടെ ചർച്ചയിലാണ്. ബിൽ അവതരിപ്പിക്കേണ്ട ഉത്തരവാദിത്വം ഒഫിഷ്യലായി ഗവൺമെന്റിനാണ്. മന്ത്രി ഒരു ബിൽ ഇവിടെ പൈലറ്റ് ചെയ്യും. അതിൽ

അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ ഭേദഗതി നിർദ്ദേശിക്കാം. നോ......... പ്ലീസ്........... പ്ലീസ്......ഇവിടെ എപ്പോഴും എഴുന്നേറ്റ് ബഹളമുണ്ടാക്കുകയാണ്. ശ്രീ. ടി. വി. രാജേഷിന് കൂടുതൽ സമയമാണ് ഞാൻ നൽകിയത്. ശ്രീ. ശ്രീരാമകൃഷ്ണനും ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇനി മന്ത്രി മറുപടി പറയണം. പ്ലീസ്....... പ്ലീസ്............. ശ്രീ. പി. കെ. അബ്ദുറബ്ബ്, അങ്ങ് പെട്ടെന്ന് കൺക്ലൂഡ് ചെയ്യൂ. പ്ലീസ്........ ഇത് പൊതു ചർച്ചയല്ല. ഇത് നിയമനിർമ്മാണമാണ്. പ്ലീസ്........ പ്ലീസ്.....നോ, ഇതിൽ ചർച്ചയൊന്നുമില്ല. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ. ഇവിടെ ഭേദഗതി വരുമ്പോൾ നിങ്ങൾക്ക് എടുക്കാം. ശ്രീ. രാജേഷ്, ഞാൻ warn ചെയ്യുന്നു, please sit down .......I Say you please sit down...........Please sit down... നിയമസഭയിൽ ഒച്ചവെയ്ക്കാനുള്ള റൈറ്റ് എപ്പോഴുമില്ല. ശ്രീ. ടി.വി. രാജേഷ്, അങ്ങേയ്ക്ക് ആവശ്യമായ പരിഗണനയും ബഹുമാനവും സഭയും ചെയറും നൽകും. ഇത് നിയമ നിർമ്മാണ രംഗമാണ്. പ്ലീസ്.....പ്ലീസ്..........

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇവിടെ കഴിഞ്ഞ കുറേ ആഴ്ചകളായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രശ്നം എന്താണെന്നുവെച്ചാൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നടക്കുന്ന കാര്യങ്ങൾക്ക് മന്ത്രിയെയും ഗവൺമെന്റിനെയും കുറ്റം പറയുക എന്നുള്ളതാണ്. എല്ലാ യൂണിവേഴ്സിറ്റികളിലും കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ഗവൺമെന്റ് വഴിവിട്ട തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഗവൺമെന്റിനെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും വിമർശിക്കാം. ഇവിടെ മാർക്ക്

ധാനത്തെക്കുറിച്ച് വിളിച്ച് പറയുന്നുണ്ടല്ലോ. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല, നേരത്തെയുള്ളതാണ്. ഞാൻ അതിനെ ന്യായീകരിക്കാൻ പറയുന്നതല്ല. ബിടെക് പരീക്ഷയ്ക്ക് 73 പേപ്പറുണ്ട്. 72 പേപ്പർ പാസ്സായ കുട്ടികൾക്ക് ഒരു പേപ്പർ പാസ്സാകാൻ 20 മാർക്കിന്റെ കുറവുണ്ടെങ്കിൽ മോഡറേഷൻ കൊടുക്കാറുണ്ട്. അത് കൊടുക്കുന്നത് സെനറ്റും അക്കാദമിക് കൗൺസിലുമാണ്. അതിൽ എല്ലാ പാർട്ടിയിലുമുള്ള ആളുകളുണ്ട്. എല്ലാവരുമായി കൂടിയാലോചിച്ച ശേഷമാണ് ഈ മാർക്ക് കൊടുത്തിട്ടുള്ളത്. അതിന് മന്ത്രിയേയും വിദ്യാഭ്യാസ വകുപ്പിനെയും കുറ്റം പറയുന്ന രീതിയാണ് ഇവിടെയുള്ളത്. ഇത് ആടിനെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്ന ഒരു സമ്പ്രദായമല്ലാതെ വേറൊന്നുമല്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ്, അങ്ങ് കൺക്ലൂഡ് ചെയ്യൂ, പ്ലീസ്......... പ്ലീസ്........

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഇത് വളരെ സമഗ്രമായ പരിഷ്ക്കരണങ്ങളോടുകൂടി കൊണ്ടുവന്ന ബില്ലാണ്.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ യൂണിവേഴ്സിറ്റികളെ ബാധിക്കുന്ന സുപ്രധാനമായ ഒരു നിയമത്തിന്റെ ഭേദഗതിയാണ് ഈ സഭയിൽ ഉന്നയിച്ചത്. ഞങ്ങളുടെ ഭാഗത്തുനിന്നുള്ള വിമർശനങ്ങൾ ഞങ്ങൾ പറഞ്ഞുകഴിഞ്ഞു. അതിന് മറുപടി പറയുന്ന സമയത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയാൻ പാടില്ലാത്ത കാര്യങ്ങളാണ് പറഞ്ഞത്. പഴയ ഗവൺമെന്റ് വഴിവിട്ട് പല കാര്യങ്ങളും ചെയ്തുവെന്ന് അദ്ദേഹം

പറയുകയുണ്ടായി. അത് എന്താണെന്ന് പറയാതെ അടക്കിപ്പിടിച്ച് ഒരു ഗവൺമെന്റിനെതിരായിട്ടുള്ള കമന്റ് പാസ്സാക്കി. ഇവിടെ വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ഉന്നയിച്ചത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇവിടെ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള മിക്കവാറും വ്യവസ്ഥകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു തന്നെ ഓർഡിനൻസായി ഇറങ്ങിയതാണ്. ഒന്ന് രണ്ട് കാര്യങ്ങളിൽ മാത്രമാണ് മാറ്റം വന്നത്. ബില്ലിന്റെ വകുപ്പുകളുമായി ബന്ധപ്പെട്ട് കാര്യമായ വിമർശനങ്ങൾ ഉന്നയിക്കാനില്ലാത്തതുകൊണ്ട് കഴിഞ്ഞ ദിവസങ്ങളിൽ ചെയ്തതുപോലെ മന്ത്രിയേയും ഗവൺമെന്റിനേയും വിമർശിക്കുന്നതിനായി ഇവിടത്തെ മെമ്പർമാർ അവരുടെ പ്രസംഗം ഉപയോഗിച്ചു എന്നുള്ളത് മാത്രമേയുള്ളൂ. അതുകൊണ്ട് എനിക്ക് കൂടുതലായി ഒന്നും പറയാനില്ല.

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. ടി. എ. അഹ്മദ് കബീർ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എ. അഹ്മദ് കബീർ: സർ, ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Shri R. Rajesh: Sir, I move the following amendment:

(111) Delete clause 2(b)

Shri.K. Suresh Kurup: Sir, I move the following amendment:

(113) In item (4) under the heading 'Other Members' of section 17 proposed to be substituted in the Kerala University Act, 1974

by clause 2 (b), add the words “and one shall be from the field of Information Technology or Biotechnology”at the end.

സർ, നേരത്തെ ഉണ്ടായിരുന്ന ആക്ടിലുള്ളത് “Not more than four experts nominated by the Government in the fields of Information Technology and Biotechnology” എന്നാണ്. അത് മാറ്റിയശേഷം കൊണ്ടുവന്ന ഭേദഗതി “Not more than 5 members”. അത് അഞ്ച് ആളുകളാക്കി. “Nominated by the Government from the field of Higher Education of which one shall be a women and one shall be from Scheduled Caste/ Scheduled Tribe”. ഇതിൽ നിന്ന് ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, പൂർണ്ണമായും ഒഴിവാക്കി. എന്റെ ഭേദഗതി അതിനുശേഷം “and one shall be from the field of Information Technology and Biotechnology” എന്നുള്ളതാണ്. ഇത് ഈ ആക്ടിൽ വരുത്താൻ കാരണം ഗവേഷണ രംഗത്തെ രണ്ട് പ്രധാനപ്പെട്ട മേഖലകളെ പ്രതിനിധീകരിക്കുന്ന പ്രതിനിധികൾ ഇതിനകത്തുണ്ടാകണമെന്ന് വിചാരിച്ചാണ്. ഈ ഭേദഗതി പ്രകാരം ഒരു ലേഡിയുണ്ടാകും, അതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ പ്രതിനിധിയുണ്ടാകും. ഹയർ ഏജ്യുക്കേഷൻ എന്നുപറഞ്ഞ് അത് ഡിഫൈൻ ചെയ്തിട്ടില്ല. ഹയർ എജ്യുക്കേഷൻ മേഖലയിൽനിന്ന് ആരെയും എടുക്കാം,

ആരെയും നോമിനേറ്റ് ചെയ്യാം. ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു രംഗത്തുനിന്നുള്ള രണ്ട് ആളുകളെ സ്പെസിഫിക്കായി നോമിനേറ്റ് ചെയ്യണമെന്നുള്ള വ്യവസ്ഥ മാറ്റിയശേഷം വളരെ ജനറലായി അഞ്ച് ആളുകളെ എടുക്കാം. അതിലെ അഞ്ച് ആളുകളെ എവിടെനിന്നെങ്കിലും എടുക്കാം. ഒരു മേഖലയിലും എക്സ്പെർട്ട് ഉണ്ടാകേണ്ട എന്നുള്ളതാണ് ഈ ഭേദഗതി കൊണ്ടുവരുന്ന കുഴപ്പം. ഇൻഫർമേഷൻ ടെക്നോളജിയും ബയോടെക്നോളജിയും കൂടി ഇതിൽ ഉൾപ്പെടുത്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, ഇവിടെ പറയുന്നതിൽ ഇൻഫർമേഷൻ ടെക്നോളജിയും ബയോടെക്നോളജിയും ഒഴിവാക്കിയിട്ടില്ല. അവർക്ക് മാത്രമായി പരിമിതപ്പെടുത്താതെ അല്ലാത്ത എക്സ്പെർട്ട്സിനെക്കൂടി എടുക്കാമെന്ന് മാത്രമേ ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ.

<u>Shri R. Rajesh:</u> Sir, I move the following amendment:

(114) Delete clause 2(c)

<u>Shri N. A Nellikkunnu</u>: Sir, I move the following amendment:

(115). In line 7 of section 64 A proposed to be inserted in the Kerala University Act, 1974 by clause 2(d), after the words “Kerala University ” add the words “and vice-versa”

Shri T. A Ahammed Kabeer: Sir, I move the following amendments:

(116).In Section 64A(i) proposed to be inserted in the Kerala University Act, 1974 by clause 2(d) for the words " who has completed" the words "after completion of "shall be substituted.

(120). In Section 64A(iii) proposed to be inserted in the Kerala University Act, 1974 by clause 2(d), for the words " teachers" the words "such written request" shall be substituted.

(121). In Section 64A(v) proposed to be inserted in the Kerala University Act, 1974 by clause 2(d), before the words " home college", the word "earlier" shall be inserted.

Dr N. Jayaraj: Sir, I move the following amendments:

(117). In Section 64A(i) proposed to be inserted in the Kerala University Act, 1974 by clause 2(d), for the words " three years", substitute the words "one year".

(119).Section 64A(ii) proposed to be inserted in the Kerala University Act, 1974 by clause 2(d), shall be recast as follows:

"(ii) option for transfer can be exercised only once during the entire period of service of a teacher".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. രാജേഷ് അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 116, 120, 121 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 117,119 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2þmw hIp¸v _nÃnsâ `mK-am-¡-W-sa¶ {]iv\s¯

A\p-Iq-en-¡p-¶-hÀ..............

{]Xn-Iq-en-¡p-¶-hÀ..............

2þmw hIp¸v _nÃnsâ `mK-am-¡-W-sa¶ {]iv\w k` AwKo-I-cn-¨p.

2þmw hIp¸v _nÃnsâ `mK-ambn.

3þmw hIp¸v

Shri P.B. Abdul Razak: Sir, I move the following amendment:

(122). In section 64A proposed to be inserted in the Calicut University Act, 1975 by clause 3(b), after the words " any college under the jurisdiction of the Calicut University", the words "and vice-versa" shall be inserted.

Shri M.P. Abdussamad samadani: Sir, I move the following amendments:

(123). In section 64A (i) proposed to be inserted in the Calicut University Act, 1975 by clause 3(b), for the words " who has completed", the words "after completion of" shall be substituted.

(127). In section 64A (iii) proposed to be inserted in the Calicut University Act, 1975 by clause 3(b), before the word "teachers", the words, "such written request" shall be inserted.

(128). In section 64A(v) proposed to be inserted in the Calicut University Act, 1975 by clause 3(b), before the word " home", the words "early" shall be inserted.

Dr. N. Jayaraj: Sir, I move the following amendments:

(125). In Section 64A(i) proposed to be inserted in the Calicut University Act, 1975 by clause 3(b), for the words " three years", the words "one year" shall be substituted.

(126). Section 64A(ii) proposed to be inserted in the Calicut University Act, 1975 by clause 3(b) shall be recast as follows:

"(ii) option for transfer can be exercised only once during the entire period of service of a teacher;"

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. .

മി. സ്പീക്കർ: ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 123, 127, 128 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 125, 126 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Shri C. Moyinkutty: Sir, I move the following amendment:

(129).In Section 8(1) proposed to be inserted in the Mahatma

Gandhi University Act, 1985 by clause 4(c) for the words "for the time being administering the subject of education", substitute the words " in charge of the subject of Higher Education"

Shri James Mathew: Sir, I move the following amendment:

(130). Delete clause 4(e)

Shri M. Hamsa: Sir, I move the following amendment:

(132). Delete clause 4(f)

Shri K. Suresh Kurup: Sir, I move the following amendment:

(136). In item (a) under the heading "Other Members" in section 21 proposed to be substituted in the Mahatma Gandhi University Act, 1985, by the clause 4(g)(i) add the words "one shall be from Scheduled Caste/Scheduled Tribes and one shall be from the field of Information Technology or Biotechnology" after the words "one shall be a woman".

ഈ ഭേദഗതി ഒറിജിനൽ ആക്ടിലെ കുറേ ആളുകളെ നോമിനേറ്റ് ചെയ്യുന്നത് മൊത്തത്തിൽ "not more than eight members nominated by the Government from the period of  Higher Education of whom

one shall be a woman" എന്നുപറഞ്ഞാൽ മുമ്പ് പറഞ്ഞതുപോലെ തന്നെ ഏറ്റവും അവ്യക്തമായി ഹയർ എഡ്യൂക്കേഷനിൽ നിന്ന് ആ രംഗത്തു നിന്ന് ആരും ഏതൊരാളെയും ഗവൺമെന്റിന് ഇഷ്ടം പോലെ നോമിനേറ്റ് ചെയ്യാം. അതിൽ ഒരു വനിത ഉണ്ടാകണമെന്നതുമാത്രമേയുള്ളൂ. അതിന്റെ കൂട്ടത്തിൽ

മി. സ്പീക്കർ: "One shall be a woman" എന്നാണോ അങ്ങയുടെ ഭേദഗതി?

ശ്രീ. കെ. സുരേഷ് കുറുപ്പ്: അല്ല, "One shall be a woman" എന്നുള്ളതിന്റെ കൂട്ടത്തിൽ "one shall be from the SC/ST and one shall be from the Information Technology and Biotechnology field" ഈ എട്ട് ആളുകളെ നോമിനേറ്റ് ചെയ്യുന്നതിൽ ഒരാളുപോലും എസ്.സി/എസ്.ടി യിൽ നിന്നോ അതുപോലെതന്നെ ഒരു പ്രത്യേക മേഖലയിൽ നിന്നോ, ഇത് സർവ്വകലാശാലാനിയമമല്ലേ? ഈ സർവ്വകലാശാലയിൽ, ഇന്ന് ലോകത്തിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ട് വൈജ്ഞാനിക മേഖലയിൽ നിന്നുള്ള എക്സ്പെർട്ട്സിനെ നോമിനേറ്റ് ചെയ്യണമെന്നുള്ള ഭേദഗതിയാണിത്. അതും രണ്ടാളുകൾ. അതുകഴിഞ്ഞ് ഗവൺമെന്റിന് ഇഷ്ടമുള്ള ആളുകളെ നോമിനേറ്റ് ചെയ്യാം. ഇത് ആരെയും എങ്ങനെയും നോമിനേറ്റ് ചെയ്യാം. അതിൽ എസ്.സി/എസ്.ടി ഉണ്ടാകരുത്, അതുപോലെ തന്നെ ഈ രണ്ട് മേഖലയിൽ നിന്നുള്ള ആളുകൾ, മുമ്പത്തെ ഭേദഗതിയുടെ

തുടർച്ചയായാണ് ഇതും വരുന്നത്. ഇത് ഗവൺമെന്റിന് തോന്നിയതു പോലെ ആരെയും നോമിനേറ്റ് ചെയ്യാനും ആരെയും ഉൾപ്പെടുത്താനും ഹയർ എഡ്യൂക്കേഷനിൽ വളരെ വിശാലമായ ഒരു മേഖല വച്ച് അവർക്ക് ഇഷ്ടമുള്ളതുപോലെ ചെയ്യുന്നതിനുള്ള ഒരു ഭേദഗതിയാണ് ഇതിലൂടെ കൊണ്ടുവരുന്നത്. ഇത് വളരെ കഷ്ടമാണ്. ഇത് നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയെ തുലയ്ക്കുന്ന ഒന്നാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നേരത്തെ ബില്ലിലുള്ള വ്യവസ്ഥ യിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: അതിൽ മാറ്റം വരുത്തിയിരിക്കുകയാണ്. വെറുതെ മാറ്റിയിട്ടില്ലായെന്ന് പറഞ്ഞാൽ മതിയോ?

മി. സ്പീക്കർ: എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടു മെന്ന് മന്ത്രി പറയുകയല്ലേ? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് ക്ലാരിഫൈ ചെയ്യണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ/ഗോത്ര വിഭാഗത്തിൽപ്പെട്ട ഒരാ ളെയും ഒരു വനിതയേയും ഉൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഈ ഭേദഗതി നിർദ്ദേശം ആവശ്യമില്ലെന്നാണ് പറഞ്ഞത്.

Shri A.M .Ariff: Sir, I move the following amendment:

(139). Delete clause 4(h).

Shri P. K. Basheer: Sir, I move the following amendment:

(140). In section 68A proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(i), in between words "transferred to any college under the jurisdiction of the Mahatma Gandhi University" and "subject to the following conditions", the words "and vice-versa" shall be inserted.

Shri P. Ubaidulla: Sir, I move the following amendment:

(141). In item (i) of section 68A, proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(i), for the words "who has completed," the words " after completion of " shall be substituted.

Dr. N. Jayaraj: Sir, I move the following amendment:

(142). In section 68A (i) proposed to be inserted in the Mahatma Gandhi

University Act, 1985 by clause 4(i), for the words " three years" the words "one year" shall be substituted.

(144). Item (ii) of section 68 A proposed to be inserted in the Mahatma

Gandhi University Act, 1985 by clause 4 (i), shall be recast as follows;"(ii) option for transfer can be exercised only once during the entire period of service of a teacher".

Shri K.N.A Khader: Sir, I move the following amendments:

(145). In item (iii) of section 68A proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(i), for the words “teachers” the words “such written request” shall be substituted.

(146). In item (v) of section 68A proposed to be inserted in the Mahatma Gandhi University Act, 1985 by clause 4(i), before the word “home college”, the word “earlier” shall be inserted.

മി. സ്പീക്കർ: 131-ാം നമ്പർ ഭേദഗതി 130-ന് തുല്യമാണ്, 133-ാം നമ്പർ ഭേദഗതി 132-ന് തുല്യമാണ്, 135-ാം നമ്പർ ഭേദഗതി 134-ന് തുല്യ മാണ് 137-ാം_നമ്പർ ഭേദഗതി 136-ൽ അടങ്ങുന്നു, 139-ാം നമ്പർ ഭേദഗതി 138-ന് തുല്യമാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. എം. ഹംസ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചി രിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ.എം. ആരിഫ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 142, 144 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 145, 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

Shri A. Pradeepkumar: Sir, I move the following amendment:

(147). Delete clause 5(a)

Shri K. Suresh Kurup: Sir, I move the following amendments:

(149). Delete item (ii) under the heading "Nominated Members" in section 12 proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by clause 5(c) and retain the existing provision.

(151). After item (ii) under the heading "Nominated Members" in section 12 proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by clause 5(c) and the following proviso namely;

"Provided that among the teachers so nominated atleast one shall be a teacher in Sanskrit".

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇതിൽ നോമിനേറ്റഡ് മെമ്പേഴ്സ് അതിന്റെ കൂട്ടത്തിൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി എന്നുള്ള പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അതിൽ ഒരാൾ □ലേമരവല്യ ശി ടമിസ്യൈശേ□ സംസ്കൃതം പഠിപ്പിക്കുന്ന യൂണിവേഴ്സിറ്റിയിലെ ഒരദ്ധ്യാപകനാകണമെന്നുള്ളതാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): 151ാം നമ്പർ ഭേദഗതിയിലെ സംസ്കൃതം, ഭാരതീയ ചരിത്ര സാഹിത്യാദികൾ സംബന്ധിച്ച പഠനം, ഭാരതീയ തത്വജ്ഞാനം, ഏതെങ്കിലും ഭാരതീയ ഭാഷ എന്നിവയെ പ്രതിനിധാനം ചെയ്യുന്ന നാല് പ്രഗത്ഭ പണ്ഡിതന്മാരെ ഉൾപ്പെടുത്താൻ ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്.

(153). After item (v) under the heading "Nominated Members" in section 12 proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994, by clause 5(c) add the following item namely;

"(vi) Chairperson of the University union or in his and her absence a registered regular student of the University or the colleges or centres affiliated to the University, nominated by the Government:

Provided that where a person other than the Chairperson of the University union is nominated to the syndicate under this item, his office shall stand vacated on the election of the Chairperson of the University union and such Chairperson shall stand nominated to the syndicate on the date of his election."

സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനെ ഒഴിവാക്കി ഒരാളെ നോമിനേറ്റ് ചെയ്യുകയെന്നുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. ഇതാണ് ഇവിടെ ശ്രീ. ആർ. രാജേഷും ശ്രീ. പി. ശ്രീരാമകൃഷ്ണനും ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ച കാര്യം. അങ്ങ് ഉൾപ്പെടെ ഇവിടെയിരിക്കുന്ന ഒട്ടനവധി ആളുകൾ സർവ്വകലാശാലാ യൂണിയൻ ഭാരവാഹികളായിരുന്നിട്ടുണ്ട്. ഭാരവാഹികളെന്നുള്ള നിലയിൽ സെനറ്റിലും മറ്റും അംഗങ്ങളായിരുന്നിട്ടുണ്ട്. സംസ്കൃത സർവ്വകലാശാലയിലെ തെരഞ്ഞെ

ടുക്കപ്പെട്ട യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനെ ഒഴിവാക്കിക്കൊണ്ട് ഗവൺമെന്റിന് ഒരാളെ നോമിനേറ്റ് ചെയ്യാമെന്നുള്ള പ്രൊവിഷൻ കൊണ്ടുവരുന്നത് കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തോട് ചെയ്യുന്ന ഏറ്റവും അപമാനകരമായ ഒരു കാര്യമാണ്. ഇവിടെ ഭരണകക്ഷി ബഞ്ചുകളിലിരിക്കുന്ന ഒരു ഡസൺ വിദ്യാർത്ഥി നേതാക്കന്മാരെങ്കിലും ഉണ്ടാകും. ഇപ്പോഴുള്ള വിദ്യാർത്ഥി നേതാക്കന്മാരുമുണ്ട്. ഞാൻ അവരോടെല്ലാം ചോദിക്കുകയാണ് കേരള, കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റുകളിൽ വിദ്യാർത്ഥികളുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി റെപ്രസന്റേറ്റീവ്സാണുള്ളത്. സംസ്കൃത യൂണിവേഴ്സിറ്റിയിൽ അങ്ങനെ ഒരു പ്രൊവിഷനില്ലാത്തപ്പോൾ തെരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനെയാണ് സിൻഡിക്കേറ്റിലേയ്ക്ക് കൊണ്ടുവരേണ്ടത്. അതിനുപകരം ഏറ്റവും ജനാധിപത്യ വിരുദ്ധമായ ഒരു പ്രൊവിഷനാണ് ഈ അമെൻമെന്റിൽ കൂടി കൊണ്ടുവന്നിരിക്കുന്നത്. ഇത് ഗവൺമെന്റിന് ഇഷ്ടമുള്ള, ഗവൺമെന്റിന് ആഗ്രഹമുള്ള, ഗവൺമെന്റിന്റെ കാര്യങ്ങൾക്കെല്ലാം പിന്തുണ നൽകുന്ന ഏതെങ്കിലും ഒരു വിദ്യാർത്ഥിയെ നോമിനേറ്റ് ചെയ്യുന്നതിനുള്ള പുറപ്പാടാണ്. അത് കർശനമായി എതിർക്കേണ്ട കാര്യമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : ഈ യൂണിവേഴ്സിറ്റിയിൽ മാത്രമല്ല എല്ലാ യൂണിവേഴ്സിറ്റികളിലും നമ്മൾ മാറ്റം വരുത്തിയതിനോടൊപ്പം വന്ന ഒരു കാര്യമാണ്. ബിരുദാനന്തര

ബിരുദമുള്ള വിദ്യാർത്ഥിയെന്ന രീതിയിലാണ് നമ്മൾ പറഞ്ഞിരിക്കുന്നത്. ഓർഡിനൻസിലും അങ്ങനെതന്നെയാണ് വന്നത്. അതുകൊണ്ട് അതിൽ മാറ്റം വരുത്താൻ കഴിയില്ല. ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് : ഏത് യൂണിവേഴ്സിറ്റിയിലാണ് മാറ്റം വരുത്തിയത്. ഇനി മാറ്റാൻ പോകുന്ന കാര്യമാണ് പറയുന്നത്. ഒരു യൂണി വേഴ്സിറ്റിയിലും മാറ്റം വരുത്തിയിട്ടില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ് : ഈ ബില്ലിലുള്ള കാര്യമാണ് പറഞ്ഞത്.

ശ്രീ. ആർ. രാജേഷ് : സർ, പോയിന്റ് ഓഫ് ഓർഡർ. അത് തെറ്റാണ്.

മി. സ്പീക്കർ : ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഇല്ല. തെറ്റാണെങ്കിൽ അതിന് വേറെ നടപടിക്രമം ഉണ്ടല്ലോ?

ശ്രീ. കെ. സുരേഷ് കുറുപ്പ് : ഒരു യൂണിവേഴ്സിറ്റിയിലും മാറ്റം വരുത്തിയിട്ടില്ലെന്ന് മന്ത്രി ....................

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങ് ഈ ഭേദഗതി മൂവ് ചെയ്തു. ഭേദഗതിയെക്കുറിച്ചുള്ള മന്ത്രിയുടെ അഭിപ്രായം അദ്ദേഹം പറഞ്ഞുകഴിഞ്ഞു. ഇനി അടുത്ത നടപടിക്രമങ്ങളിലേയ്ക്കു മാത്രമേ ചെയറിന് കടക്കാൻ സാധിക്കൂ.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, എന്റെ 153-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 153-ാം നമ്പർ ഭേദഗതിക്ക് പോൾ .................എന്താണിത്? ഡോർ തുറന്ന് പുറത്തുപോയാൽ ആ

ആളിന് വോട്ടവകാശമുണ്ടാകില്ല. വോട്ടിംഗ് സമയത്ത് ഇതൊന്നും പാടുള്ളതല്ല. ശ്രീ. വി.എസ്. സുനിൽ കുമാർ, നിങ്ങൾ സീനിയറാണ്. ഇത് കഷ്ടമാണ്. ഓരോ ദിവസം കഴിയുംതോറും നിയമസഭ താഴോട്ടാണ് പോകുന്നത്.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ :</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. എം. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ
16. ശ്രീമതി ജമീലാ പ്രകാശം
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. കെ. കെ. ജയചന്ദ്രൻ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ജോസ് തെറ്റയിൽ
21. ശ്രീ. എളമരം കരീം
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
24. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
25. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
26. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീമതി കെ. കെ. ലതിക

29. ശ്രീ. സി. കെ. നാണു
30. ശ്രീ. കെ. കെ. നാരായണൻ
31. ശ്രീ. എ. പ്രദീപ്കുമാർ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു
38. ശ്രീ. രാജു എബ്രഹാം
39. പ്രൊഫ. സി. രവീന്ദ്രനാഥ്
40. ശ്രീ. സി. കെ. സദാശിവൻ
41. ശ്രീ. സാജു പോൾ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. ബി. സത്യൻ
46. ശ്രീ. വി. ശിവൻകുട്ടി
47. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
48. ശ്രീ. ജി. സുധാകരൻ
49. ശ്രീ. വി. എസ്. സുനിൽകുമാർ
50. ശ്രീ. കെ. സുരേഷ് കുറുപ്പ്
51. ശ്രീ. പി. തിലോത്തമൻ
52. ശ്രീ. തോമസ് ചാണ്ടി
53. ശ്രീ. ഇ. കെ. വിജയൻ
54. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. ടി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേശ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. ആർ. സെൽവരാജ്
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. കെ. ശിവദാസൻ നായർ
61. ശ്രീ. വി. എസ്. ശിവകുമാർ
62. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. പി. ഉബൈദുള്ള
66. ശ്രീ. എം. ഉമ്മർ
67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
68. ശ്രീ. എം. എ. വാഹീദ്
69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 54

പ്രതികൂലിക്കുന്നവർ - 70

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ തള്ളിയിരിക്കുന്നു.

Shri K.M. Shaji : Sir, I move the following amendment :

150. In item (ii) under the heading "Nominated Members" in section 12 proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by clause 5(c), for the words "of whom", the words "and out of seven" shall be substituted.

Shri K. V. Abdul Khader : Sir, I move the following amendment :

152. Delete item (iii) under the heading "Nominated Members" in section 12 proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994, by clause 5(c) and retain the existing provision.

Shri Babu M. Palissery : Sir, I move the following amendment :

154. Delete the provision under the heading "Nominated Members" in section 12, proposed to be substituted in the

Sree Sakaracharya University of Sanskrit Act, 1994 by clause 5(c).

Shri C. Mammutty : Sir, I move the following amendment :

156. In section 22A (2) proposed to be inserted in the Sree Sankaracharya University of Sanskrit Act, 1994 by clause 5(d) for the words “consit of” the word “be” shall be substituted.

Shri M. Ummer : Sir, I move the following amendment :

157. In section 22A (3) proposed to be inserted in the Sree Sankaracharya University of Sanskrit Act, 1994 by clause 5(d) the words “or till his date of retirement on superannuation whichever is earlier” shall be added at the end.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 149, 151 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബാബു എം പാലിശ്ശേരി അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മറിന്റെ 157-ാം നമ്പർ ഭേദഗതി നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു; 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

## ആറാം വകുപ്പ്

Shri K. Kunhammad Master : Sir, I move the following amendment :

159. Delete clause 6(b).

Shri Raju Abraham : Sir, I move the following amendment :

160. Delete clause 6(c).

Shri K. Suresh Kurup : Sir, I move the following amendment :

161. In item (e) under the heading “Nominated Members” in section 23 proposed to be substituted in the Kannur University Act, 1996 by clause 6(c)(iii) add the following words at the end namely, - “one shall be from scheduled caste or scheduled tribe and one hsall be from the field of Information Tecnology/Biotechnology”.

ഷെഡ്യൂൾഡ് കാസ്റ്റ്/ ഷെഡ്യൂൾഡ് ട്രൈബിൽ നിന്നും ഇൻഫർമേഷൻ ടെക്നോളജി/ബയോ ടെക്നോളജിയിൽ നിന്നും ഓരോരുത്തരെ ഉൾപ്പെടുത്തണം. ഈ അമെൻമെന്റിനെല്ലാം കൺസിസ്റ്റന്റായിട്ട് എസ്.സി./എസ്.ടി. വിഭാഗത്തെയും ഇൻഫർമേഷൻ ടെക്നോളജി/ ബയോ ടെക്നോളജി വിഭാഗത്തെയും ഒഴിവാക്കിക്കൊണ്ടുള്ള .............

മി. സ്പീക്കർ : മൂലനിയമത്തിലുണ്ടല്ലോ? അതാണല്ലോ അദ്ദേഹം പറഞ്ഞത്. ഇത് അമെൻമെന്റാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : അതേ. നേരത്തെയുള്ളതിൽ നിന്ന് ഒഴിവാക്കിയിട്ടാണ് ഇത് വന്നിരിക്കുന്നത്. നേരത്തെയുള്ളത് എന്തിനാണ് ഒഴിവാക്കുന്നത്?

ശ്രീ. ടി.എൻ. പ്രതാപൻ : ....................(മൈക്ക് ഓഫ്)...................

മി. സ്പീക്കർ : ശ്രീ. ടി. എൻ. പ്രതാപൻ, നിങ്ങൾ പറയേണ്ടതില്ല. ഇതൊക്കെ പൈലറ്റ് ചെയ്യുന്ന മിനിസ്റ്റർ മുമ്പിലിരിപ്പുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : നിലവിലുള്ള വ്യവസ്ഥ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും സിൻഡിക്കേറ്റിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ട്.

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പ്, മൂലനിയമത്തിൽ അതുണ്ട്. .................ശ്രീ. കെ. സുധാകരൻ, പ്ലീസ്.

ശ്രീ. ജി. സുധാകരൻ : സർ, അങ്ങ് മുമ്പ് വിദ്യാർത്ഥി നേതാവായിരുന്നു. യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനെ എന്തുകൊണ്ട് ഒഴിവാക്കി?

മി. സ്പീക്കർ :എനിക്ക് എന്ത് ചെയ്യാൻ പറ്റും?................................ ശ്രീ. കെ. സുരേഷ് കുറുപ്പ്, എന്തുകൊണ്ട് മൂവ് ചെയ്തുവെന്ന് പറഞ്ഞാൽ മതി. ഒരു ഭേദഗതി മൂവ് ചെയ്തിട്ട് അതിനെക്കുറിച്ചുള്ള വിശദമായ പ്രസംഗം സാധ്യമല്ലല്ലോ? അങ്ങനെയല്ല അതിന്റെ പതിവ്?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ വീണ്ടും പറയുന്നത്, ഇതിനായി സ്പെസിഫൈ ചെയ്യാതെ ഹയർ എഡ്യൂക്കേഷൻ എന്ന് മാത്രം പറയുകയും അതേസമയം എസ്.സി./എസ്.ടി.യേയും ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തെയും മന:പൂർവ്വം ഒഴിവാക്കുകയും ചെയ്യുന്നതാണ് ഇത്. ഇതിൽ എസ്.സി./എസ്.ടി.യെ എവിടെ നോമിനേറ്റ് ചെയ്യാമെ

ന്നാണ് പറഞ്ഞിരിക്കുന്നത്? ബയോടെക്നോളജി, ഐ.ടി. ഇതിൽ എവിടെയാണ് സ്പെസിഫൈ ചെയ്ത് പറഞ്ഞിരിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ഇൻഫർമേഷൻ ടെക്നോളജിയുടെയും ബയോടെക്നോളജിയുടെയും കാര്യം ഞാൻ നേരത്തെ പറഞ്ഞു. അതിനു മാത്രമായി പരിമിതപ്പെടുത്താതെ നിലവിലുള്ള എക്സ്പർട്ട്സിനെ എടുക്കാമെന്നല്ലേ. അത് എല്ലാ യൂണിവേഴ്സിറ്റികളിലും ഒരേ രീതിയിൽ വരുന്നതുകൊണ്ടാണ് ഇങ്ങനെ വന്നിട്ടുള്ളത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ബില്ല് പൈലറ്റ് ചെയ്യുന്ന മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഇതിൽ എവിടെയാണ് സ്പെസിഫൈ ചെയ്ത് പറഞ്ഞിരിക്കുന്നതെന്ന് പറയണം. ഞാൻ പറയുന്നു, ഇതിൽ പറഞ്ഞിട്ടില്ല എന്ന്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇപ്പോൾ നിലവിലുള്ള ബില്ലിൽ ആ വ്യവസ്ഥകളുണ്ട്. അതാണ് ഞാൻ പറഞ്ഞത്.

Shri V. M. Ummer Master: Sir, I move the following amendment.

162. In section 71A proposed to be inserted in the Kannur University Act, 1996 by clause 6(d), after the words “any college under the jurisdiction of the Kannur University”, the words “and vice-versa” shall be inserted.

Shri N. A. Nellikkunnu: Sir, I move the following amendment.

163. In section 71A(i) proposed to be inserted in the Kannur University Act, 1996 by clause 6(d), for the words "who has completed", the words "after completing" shall be substituted.

Dr. N. Jayaraj: Sir, I move the following amendments.

164. In section 71A(i) proposed to be inserted in the Kannur University Act, 1996 by clause 6(d), for the words "three years", the words "one year" shall be substituted.

166. Section 71A(ii) proposed to be inserted in the Kannur University Act, 1996 by clause 6(d), shall be recast as follows:

"(ii) option for transfer can be exercised only once during the entire period of service of a teacher".

Shri C. Mammuty: Sir, I move the following amendments.

167. In section 71A(iii) proposed to be inserted in the Kannur University Act, 1996 by clause 6(d), for the words "teachers", the words "such written requests" shall be substituted.

168. In section 71A(v) proposed to be inserted in the Kannur University Act, 1996 by clause 6(d), before word "home", the word "early" shall be inserted.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 164, 166 എന്നീ നമ്പർ ഭേദ ഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 167, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

**7-ാം വകുപ്പ്**

മി. സ്പീക്കർ: 169-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ള താകയാൽ ക്രമാനുസൃതമല്ല. എന്നിരുന്നാലും ഭേദഗതി നൽകിയ ശ്രീ. കെ. കെ. ലതികയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീമതി കെ. കെ. ലതിക: സർ, ഇല്ല.

മി. സ്പീക്കർ: 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

**8-ാം വകുപ്പ്**

(8-ാം വകുപ്പിന് ഭേദഗതിയില്ല)

മി. സ്പീക്കർ: 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Shri P. Sreeramakrishnan: Sir, I move the following amendment.

(109) In clause 1(2) delete the following words:

"Clause (b) and (c) of section 2 and clause (i) of section 7 shall be deemed to have come into force on the 16th day of August,2011, clauses (e), (f), (g) and (h) of section 4, clause (c) of section 5, cluase (d) of sub-clauses (i), (ii), (iii) and (iv) of clause (e) of section 6 and clauses (ii), (iii) and (iv) of section 7 shall be deemed to have come into force on the 1st day of December, 2011, clauses (a), (b) and (d) of section 5 shall be deemed to have come into force on the 31st day of January, 2012"

Shri Abdurahiman Randathani: Sir, I move the following amendment.

(110) In clause 1(2), for the words and figures " Clauses (a), (b) and (d) of section 5 shall be deemed to have come into force on the 31st day of January 2012" the words and figures "and the remaining clauses shall be deemed to have come into force on the 31st day of January, 2012" shall be substituted.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, നേരത്തെ ബില്ലിൽ ഇല്ല എന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതാണ്

ഞാൻ വായിക്കുന്നത്. The Teachers of Colleges nominated by the Government whom shall be a member of Scheduled Caste or a Scheduled Tribe.

<u>മി. സ്പീക്കർ</u>: ഇത് ഒറിജിനൽ ബിൽ അല്ലേ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: അതെ. ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. സ്പീക്കർ:</u> ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു; ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗ മായി..

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിൽ ദീർഘകാലമായി നില നിൽക്കുന്ന യൂണിവേഴ്സിറ്റിയുടെ ജനാധിപത്യത്തിന്റെ അന്ത്യകൂദാശ ഇവിടെ നടക്കുകയാണ്. ഈ സഭയിലെ നിരവധി അംഗങ്ങൾ യൂണിവേഴ്സിറ്റി യൂണിയന്റെ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ അതിന്റെ ചെയർമാനാവുകയും സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും മെരിറ്റായി വരികയും ചെയ്തിട്ടുണ്ട്, ഇവിടെ അതിന്റെ കഴുത്ത് പിടിച്ച് ഞെരിച്ച് കൊല്ലുകയാണ്. ഇത് കച്ചവടമാണ്, ഇതാണ് ഞങ്ങൾ പറഞ്ഞത് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് യു.ഡി.എഫ്. വീണ്ടും കോഴയും കച്ചവടവും ആരംഭിച്ചിരിക്കുന്നു. ജനാധിപത്യവിരുദ്ധമായ ഈ നിയമങ്ങളെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. ഞങ്ങൾ ബഹിഷ്ക്കരിക്കുകയാണ്. ഇങ്ങനെയുള്ള ഒരു കശാപ്പിന് ഞങ്ങളില്ല.

(പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

ശ്രീ. പി. സി. ജോർജ്: സർ, കേരള സംസ്ഥാനത്ത് യൂണിവേഴ്സിറ്റികളെയും വിദ്യാഭ്യാസ മേഖലയേയും രാഷ്ട്രീയവൽക്കരിച്ചിരുന്ന സാഹ

ചര്യം ഒഴിവാക്കാൻ ശ്രീ. ഉമ്മൻചാണ്ടിയുടെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ഈ നിയമം പാസ്സാക്കപ്പെടേണ്ടത് കേരളത്തിലെ ജനങ്ങളുടെ ആവശ്യമാണ്. യൂണിവേഴ്സിറ്റികളെ കച്ചവടവൽക്കരിപ്പെടുകമാത്രമല്ല രാഷ്ട്രീയവൽക്കരിച്ചുകൊണ്ട് വെറും പാർട്ടിയാഫീസുകളാക്കി മാറ്റിയിരുന്ന നിയമത്തെ തകിടംമറിച്ചുകൊണ്ടാണ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് യൂണിവേഴ്സിറ്റി laws ഇവിടെ പാസ്സാക്കുന്നത്. ഇത്രയും ശക്തമായ ഈ നിയമം പാസ്സാക്കാൻ നടപടിയെടുത്ത ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മന്ത്രിയേയും അഭിനന്ദിക്കുകയാണ്. ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പാസ്സായി.

* * * * * * * * * * * * * * *